# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 16 | ലക്കം 18 | പേജ് 8 | 2010 ജൂലൈ 16-31



2 ദേവാലയങ്ങളുടെ സാമൂഹിക പ്രസക്തി

3 പെരുന്നാളുകൾ നടത്തുന്നതു സംബന്ധിച്ച് കത്തോലിക്കാസഭയിൽ പുതി മാർഗ്ഗനിർദ്ദേശങ്ങൾ

5 ഓർത്തഡോക്സുകാർ രക്ഷിക്കപ്പെട്ടവരോ

6 ധ്യാനപീഠം


## മെത്രാൻവാഴ്ച ക്രമവിരുദ്ധം : ഓർത്തഡോക്സ് സഭ

കോട്ടയം : മാർ സേവേറിയോസ് മോസെ ഗുർഗാൻ മെത്രാപ്പോലീത്താ മലങ്കരസഭയിൽ നടത്തിയ മേൽപട്ടവാഴ്ച ക്രമരഹിതവും മലങ്കരസഭയുടെ ആഭ്യന്തര ഭരണത്തിലുള്ള കടന്നുകയറ്റവുമാണെന്ന് പ.കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഉപസമിതി വിലയിരുത്തി. കാതോലിക്കാ ബാവാ ഇതു സംബന്ധിച്ചു സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും എപ്പിസ്കോപ്പൽ സുന്നഹദോസ് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു. യോഗത്തിൽ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, മെത്രാപ്പോലീത്തന്മാരായ ഗീവർഗീസ് മാർ ഈവാനിയോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലീമ്മീസ്, പൗലോസ് മാർ പക്കോമിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് എന്നിവർ പ്രസംഗിച്ചു.

## ഓർത്തഡോക്സ് സഭ നിലപാട് വ്യക്തമാക്കണമെന്ന് യാക്കോബായ സഭ

മണർകാട് : സുറിയാനിസഭയിൽനിന്ന് പുറത്താക്കപ്പെട്ട ജർമ്മനിയിലെ മൂസാ ഗുർഗാനെ ഓർത്തഡോക്സ് സഭയിലെ രണ്ട് മെത്രാപ്പോലീത്തന്മാർ ചേർന്ന് മോർ സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചതിനെക്കുറിച്ച് മലങ്കര ഓർത്തഡോക്സ് സഭ നിലപാട് വ്യക്തമാക്കണമെന്ന് യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. മൂസാ ഗുർഗാന് പട്ടം നൽകിയത് ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്തന്മാരായതിനാൽ ഇപ്പോഴത്തെ പട്ടംകൊടകളുടെ ഉത്തരവാദിത്വം ഓർത്തഡോക്സ് സഭ ഏറ്റെടുക്കണം. ഇതുസംബന്ധിച്ച് ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ ബാവാ കല്പന പുറപ്പെടുവിച്ചെങ്കിലും ഓർത്തഡോക്സ് സഭയുടെ നിലപാട് വ്യക്തമാക്കിയിട്ടില്ലെന്ന് ശ്രേഷ്ഠ ബാവാ പറഞ്ഞു.

## ഡോ. മാത്യൂസ് മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് സഭാംഗങ്ങളായ അഞ്ചുപേർക്ക് പട്ടം നൽകി

കോട്ടയം : ഓർത്തഡോക്സ് സഭാംഗങ്ങളായ തേക്കുതോട് സെന്റ് ജോർജ് ഇടവകാംഗം റിനു വർഗീസ്, വകയാൽ സെന്റ് മേരീസ് ഇടവകയിൽ ഷാജി, പാവുക്കര സെന്റ് തോമസ് ഇടവകാംഗം പി.ജി.ജോസ്,, ചങ്ങനാശ്ശേരി ഷാജൻ ഡാനിയേൽ, സെന്റ് ജൂഡ് ദയറാംഗം ജിജോ വർഗീസ് എന്നിവർക്ക് ശെമ്മാശുപട്ടം നൽകി.

## മാർ സേവേറിയോസ് മൂസാ ഗുർഗാനും അനുയായികളും മുടക്കപ്പെട്ടവരെന്ന് പാത്രിയർക്കീസ് ബാവാ

മൂവാറ്റുപുഴ : അന്ത്യോഖ്യൻ സുറിയാനി സഭയിൽപ്പെട്ട മാർ സേവേറിയോസ് മൂസാ ഗുർഗാനും അദ്ദേഹം പട്ടംകൊടുത്തവരും മുടക്കപ്പെട്ടവരാണെന്ന് പ.ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ കല്പന പുറപ്പെടുവിച്ചു. മാർ സേവേറിയോസ് സിറിയൻ ഓർത്തഡോക്സ് സഭാംഗങ്ങളായ മറ്റത്തിൽ ജോസഫ് റമ്പാനും, മോളാത്ത് യൂഹാനോൻ റമ്പാനും മെത്രാൻസ്ഥാനം നൽകിയത് ക്രമവിരുദ്ധമാണെന്ന് പാത്രിയർക്കീസ് ബാവാ കല്പനയിൽ പറയുന്നു.

തെറ്റായ അവകാശവാദമുന്നയിച്ച് മെത്രാൻസ്ഥാനം സ്വയം അവകാശപ്പെടുന്ന എല്ലാവരെയും കല്പനപ്രകാരം മുടക്കിയിരിക്കുന്നതായി പ.പാത്രിയർക്കീസ് ബാവാ പറയുന്നു. ശരിയായ പ്രായശ്ചിതം നടത്തിയാലല്ലാതെ മുടക്ക് അഴിക്കപ്പെടുന്നതല്ലെന്നും വിശ്വാസികൾ അവരിൽനിന്ന് അകന്നുനിൽക്കണമെന്നും പാത്രിയർക്കീസ് ബാവാ ഉത്ബോധിപ്പിച്ചു. അവരുമായി ബന്ധപ്പെടുന്ന പുരോഹിതന്മാരും അയ്മേനികളും സഭയിൽനിന്നും സഭയുടെ പ്രാഥമികാംഗത്വത്തിൽനിന്നും മുടക്കപ്പെട്ടവരായി കണക്കാക്കുമെന്നും കല്പനയിൽ പറയുന്നു. ഇടുക്കി രാജകുമാരി സെന്റ് ജോർജ് സിംഹാസന ദയറായുടെ റീശ് ദയറായും മാനേജിംഗ് ട്രസ്റ്റിയുമായിരുന്ന മോളോത്ത് യൂഹാനോൻ റമ്പാനെ (യൂഹാനോൻ മാർ തീമോത്തിയോസ്) തൽസ്ഥാനത്തുനിന്ന് നീക്കംചെയ്തിരിക്കുന്നതായും പ.പാത്രിയർക്കീസ് ബാവായുടെ കല്പനയിൽ പറയുന്നു. പ.പാത്രിയർക്കീസ് ബാവായുടെ കല്പനയോട് സമ്മിശ്രപ്രതികരണമാണ് ഓർത്തഡോക്സ് യാക്കോബായ സഭാവിഭാഗങ്ങളിൽ ഉണ്ടായിരിക്കുന്നത്.

## അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് സഭയുടെ കാര്യങ്ങളിൽ ഇടപെടാൻ പാത്രിയർക്കീസിനും കാതോലിക്കോസിനും അധികാരമില്ലെന്ന് ഡോ.മാത്യൂസ് മാർ ഗ്രിഗോറിയോസ്

കോട്ടയം : അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് സഭ പരിപൂർണ്ണ സ്വതന്ത്ര സഭയാണെന്നും ആ സഭയുടെ കാര്യങ്ങളിൽ ഇടപെടാനും ഏതെങ്കിലും സ്ഥാനികളെ മുടക്കുവാനും അന്ത്യോഖ്യൻ പാത്രിയർക്കീസിനോ മലങ്കരയിലെ കാതോലിക്കാ മാർക്കോ മറ്റാർക്കെങ്കിലുമോ അധികാരമില്ലെന്ന് അന്ത്യോഖ്യൻ സിറിയൻ ഓർത്തഡോക്സ് സഭയുടെ ഡോ.മാത്യൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. അന്ത്യോഖ്യൻ സിറിയക്ക് ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മാർ സേവേറിയോസ് മൂസെ ഗുർഗാൻ മെത്രാപ്പോലീത്താ ആണെന്നും അദ്ദേഹം പറഞ്ഞു.

### കാതോലിക്കാ സ്ഥാനവും മഫ്രിയാനാ സ്ഥാനവും..... കഴിഞ്ഞലക്കം തുടർച്ച

## പൗരസ്ത്യ കാതോലിക്കാസ്ഥാനം ചരിത്രപരമായ വളർച്ചയുടെ ഭാഗം

ഫാ.ഡോ.എം.ഒ.ജോൺ

### ആമുഖം

കാതോലിക്കാ സ്ഥാനത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണല്ലോ. ബാർ എബ്രായയുടെ സഭാചരിത്രത്തിലെ വിവരണം അടിസ്ഥാനമാക്കി എ.ഡി.231ൽ ആണ് കാതോലിക്കാ സ്ഥാപനം ഉണ്ടായതെന്നുള്ള അഭിപ്രായം വിശ്വസനീയമല്ലെന്നും നിഖ്യാ സുന്നഹദോസ് തീരുമാനമനുസരിച്ചാണ് കാതോലിക്കാ സ്ഥാനമുണ്ടായതെന്ന ഹൂദായ കാനോനിലെ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നും കഴിഞ്ഞ ലക്കങ്ങളിൽ (മലങ്കരസഭാദീപം 2010 ജൂൺ 1-15, 16-30) തെളിയിക്കുകയുണ്ടായി.

### പേർഷ്യയിലെ കാതോലിക്കാ

മലങ്കരയിലെ കാതോലിക്കാ സ്ഥാനം പേർഷ്യയിലെ കാതോലിക്കാ സ്ഥാനത്തിന്റെ പിന്തുടർച്ചയാണെന്നാണ് പൊതുവെയുള്ള ധാരണ. അതുകൊണ്ട് പേർഷ്യയിലെ കാതോലിക്കാ സ്ഥാനം എങ്ങനെയുണ്ടായി എന്നു പരിശോധിക്കേണ്ടതാവശ്യമാണ്. പേർഷ്യയിലെ കാതോലിക്കാ സ്ഥാനത്തിന്റെ ഉത്ഭവത്തെക്കുറിച്ച് അടുത്ത കാലത്ത് നടന്നിട്ടുള്ള ശ്രദ്ധേയമായ മൂന്നു പഠനങ്ങളുണ്ട്. അതിൽ ഒന്നാമത്തേത് ഫാ. ഡോ.ഗീവർഗീസ് ചേടിയത്ത് : പൗരസ്ത്യ കാതോലിക്കോസ് എന്ന ഗ്രന്ഥം. രണ്ടാമത്തെ പഠനം ഫാ.ഡോ.വി.സി.ശമുവേലിന്റെ സഭ വളരുന്നു എന്ന പുസ്തകത്തിൽ യൂണിറ്റ് 2. മൂന്നാമത്തേത് ഡോ.അലക്സ് പോൾ ഉറുമ്പുക്കൽ : ദി ജൂറിഡിക്കൽ സ്റ്റാറ്റസ് ഓഫ് ദ കാതോലിക്കോസ് ഓഫ് മലങ്കര എന്ന പുസ്തകവും കാതോലിക്കാ സിംഹാസനം സംബന്ധിച്ച് W.A.Wigram, An Introduction to the Hystory of the Assyrian Church എന്ന പുസ്തകവും, William G Young, Patriarch Shah and Caliph എന്ന പുസ്തകവും കാതോലിക്കാ സിംഹാസനം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുള്ള പുസ്തകങ്ങളാണ്.

ഈ പഠനങ്ങളുടെ എല്ലാം വെളിച്ചത്തിൽ കാതോലിക്കാ സ്ഥാനത്തിന്റെ ഉത്ഭവം പരിശോധിക്കാം.

### ചരിത്രപരമായ വളർച്ചയുടെ ഭാഗം

ചരിത്രപരവും സാമൂഹ്യവും രാഷ്ട്രീയവുമായ കാരണങ്ങളാലാണ് പേർഷ്യയിലെ കാതോലിക്കാ സ്ഥാനമുണ്ടാകുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നു കാണാം.

ഒന്നാം നൂറ്റാണ്ടിൽതന്നെ എഡേസ്സായിലും പേർഷ്യൻ സാമ്രാജ്യത്തിന്റെ പ്രധാന നഗരങ്ങളിലും ക്രൈസ്തവ സഭ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ ഓരോ സ്ഥലങ്ങളിലുമുണ്ടായിരുന്ന ബിഷപ്പന്മാർ ആരെല്ലാമായിരുന്നു എന്നതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങൾ നിലവിലുണ്ട്.

### സെലൂഷ്യയിൽ ഒരു മെത്രാപ്പോലീത്താ ഉണ്ടാകുന്നു

പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യയിൽ (സെലൂക്യ) തോമ്മാശ്ലീഹായുടെ ശിഷ്യന്മാരിലൊരാളായ മാറി ആണ് സുവിശേഷം അറിയിച്ചതെന്നു പറയപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കാം പിൽക്കാലത്ത് സെലൂഷ്യയിലെ കാതോലിക്കാമാർ മാർത്തോമ്മാശ്ലീഹായുടെ പിൻഗാമിത്വം അവകാശപ്പെട്ടത്. എന്നാൽ മാർത്തോമ്മാശ്ലീഹാ നേരിട്ട് സെലൂഷ്യയിൽ സുവിശേഷം അറിയിച്ചതായോ ഡയറക്റ്റ് പിൻഗാമിയെ നിയമിച്ചതായോ പറയുന്നില്ല. പേർഷ്യൻ സാമ്രാജ്യത്തിലെ മറ്റു പല പട്ടണങ്ങളിലും ക്രൈസ്തവ സഭ ശക്തമായിരുന്നെങ്കിലും പേർഷ്യയിലെ സഭ അത്ര കണ്ട് ശക്തമായിരുന്നില്ല. ഓരോ പട്ടണത്തിലെയും അല്ലെങ്കിൽ പ്രദേശങ്ങളിലെയും ബിഷപ്പന്മാർ അവരവരുടെ പ്രദേശങ്ങളിലെ സഭയുടെ (പള്ളികളുടെ) ഭരണം നടത്തിയിരുന്നതല്ലാതെ പൊതുഭരണമോ, പൊതു മേൽനോട്ടമോ ആർക്കും ഉണ്ടായിരുന്നില്ല. മാറിക്കുശേഷം മൂന്നാം നൂറ്റാണ്ടിൽ മാത്രമാണ് സെലൂഷ്യയിൽ ഒരു പട്ടക്കാരൻ നിയമിതനായതായി രേഖപ്പെടുത്തിയിരിക്കുന്നത്. അതിനുശേഷം അഞ്ചു പട്ടക്കാർ അവിടെ നിയമിതരായി. അവിടെ ബിഷപ്പന്മാരാരും ഉണ്ടായിരുന്നില്ല. മറ്റു പ്രദേശങ്ങളിൽനിന്ന് വല്ലപ്പോഴുമെങ്ങാനം ബിഷപ്പന്മാർ സെലൂഷ്യ സന്ദർശിക്കുമായിരുന്നു. അങ്ങനെ അർബലിലെ മെത്രാപ്പോലീത്താ ആയിരുന്ന ശഹ്ലൂപ്പായും അദ്ദേഹത്തിനു ശേഷം അദ്ദേഹത്തിന്റെ പിൻഗാമി അഹോദാബൂയിയും സെലൂഷ്യ സന്ദർശിച്ചിട്ടുണ്ട്. എ.ഡി.200-നോടടുത്ത് അഹോദബൂയി സെലൂഷ്യയിലെ സഭയ്ക്ക് അഞ്ചു പട്ടക്കാരെയും ഒരു മേൽപട്ടക്കാരനെയും വാഴിച്ചു. അങ്ങനെ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് സെലൂഷ്യയിൽ ഒരു മേൽപട്ടക്കാരനുണ്ടാകുന്നത്.

ഇതുസംബന്ധിച്ച് വി.സി.ശമുവേൽ അച്ചൻ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക.

"ബാർ എബ്രായ ആഹോദാബൂയിക്കു ശേഷം ആദ്യ കാതോലിക്കാ ആയി എടുത്തു പറയുന്നത് ശഹ്ലൂപ്പായെയാണ്. എന്നാൽ പേർഷ്യൻ രേഖകൾ ശഹ്ലൂപ്പായെ 3-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ അഡിയാബെനിയുടെ തലസ്ഥാനമായിരുന്ന അർബലിലെ മെത്രാപ്പോലീത്താ ആയി ചൂണ്ടിക്കാണിക്കുന്നു. അന്ന് സെലൂഷ്യായിൽ ചെറിയ ക്രിസ്തീയ സമൂഹം മാത്രമാണുണ്ടായിരുന്നത്. ധനാഢ്യനായ ഒരു അത്മായ നേതാവിന്റെ അഭ്യർത്ഥന അനുസരിച്ച് ശഹലൂപ്പാ മനസ്സില്ലാ മനസ്സോടെ തലസ്ഥാനം സന്ദർശിച്ചു. പല വൈഷമ്യങ്ങളും സഹിക്കേണ്ടതായി വന്നു എങ്കിലും, അദ്ദേഹം അവിടെ രണ്ടുകൊല്ലക്കാലം കഴിച്ചുകൂട്ടി. ആ അവസരത്തിൽ അവിടെ ഒരു പട്ടക്കാരനെ വാഴിച്ചു നിയമിക്കുകയും ചെയ്തു.

(ശേഷം പേജ് 4-ൽ)

# എന്തെങ്കിലും നടക്കട്ടെ അതിന് എനിക്ക് എന്താണ്?

വെരി.റവ.മാത്യു അലക്സാർ കോർഎപ്പിസ്കോപ്പാ, ചെന്നൈ

1977-ൽ ആണെന്നു തോന്നുന്നു, അന്നു ഞാൻ സിംഗപ്പൂർ പള്ളി വികാരി ആയിരുന്നു. സഭയുടെ ഭരണപരമായ കാര്യങ്ങൾ എവിടെയൊക്കെയോ മാറിതിരിയുന്നു എന്നത് മനസ്സിലാക്കിയതുകൊണ്ട് ഇന്നത്തെ ഈ പോക്ക് എവിടെ ചെന്ന് അവസാനിക്കും എന്ന തലക്കെട്ടിൽ മലങ്കരസഭയ്ക്ക് ഒരു ലേഖനം അയച്ചുകൊടുത്തതായിരുന്നു. ഉടൻതന്നെ അത് പ്രസിദ്ധീകരിക്കുകയും ചെയ്തു. വായനക്കാരിൽനിന്ന് ഒരുപാട് നല്ല അഭിപ്രായങ്ങൾ അതിന് കിട്ടുകയും ചെയ്തു. പിന്നെ എല്ലാ കാലത്തും എന്തെഴുതിയാലും എന്തു പറഞ്ഞാലും വിമർശിക്കുകയും ചെളിവാരി എറിയുകയും ചെയ്യുന്ന ഒരു കൂട്ടർ അന്നുമുണ്ടായിരുന്നു. ഇപ്പോഴും അതിന് ഒരു കുറവുമില്ലല്ലോ.

1967 മുതൽ കേരളത്തിനു വെളിയിലും വിദേശരാജ്യങ്ങളിലും സേവനം അനുഷ്ഠിച്ച എനിക്ക് അനുഭവത്തിന്റെയും പരിചയത്തിന്റെയും വെളിച്ചത്തിൽ സഭയുടെ ആത്മീയവും ഭരണപരവുമായ കാര്യങ്ങളെക്കുറിച്ചുള്ള എന്റെ വിലയിരുത്തൽ എന്റെ അഭിപ്രായംകൂടിയാണ്. ആരുടേയും മനസ്സിനെ മുറിപ്പെടുത്താനല്ല എന്ന വസ്തുതയും ഓർപ്പിച്ചുകൊള്ളുന്നു.

ഒരു പൗരന്റെ മൗലിക അവകാശമാണല്ലോ അഭിപ്രായ സ്വാതന്ത്ര്യം. അതിനെ ആർക്കും തടയാനുമൊക്കത്തില്ലല്ലോ. മാധ്യമങ്ങളിൽക്കൂടി ആ അഭിപ്രായം മറ്റുള്ളവരെ അറിയിക്കുന്നതും ഒരു പൗരന്റെ കടമയായിട്ട് ഞാൻ കരുതുന്നു. ഒന്നല്ലെങ്കിൽ മറ്റൊരു കാരണങ്ങളാൽ ഇന്ന് എല്ലാവരും വളരെ തിരക്കിലാണ്. പല കാര്യങ്ങളിലും അവർ ശ്രദ്ധകൊടുക്കാറില്ല. അഥവാ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ തന്നെ അത് കാര്യമാക്കാറുമില്ല. വലുതായാലും ചെറുതായാലും ഏതെങ്കിലും വിഷയത്തെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുവാൻ മെനക്കെടാറുമില്ല. മേൽപറഞ്ഞതുപോലെ എന്തെങ്കിലും നടക്കട്ടെ അതിന് എനിക്ക് എന്താണ് എന്ന നിലപാടാണ് ഏറിയപങ്കും ആളുകൾ കൈക്കൊള്ളുന്നത്. അതിന് അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അതിന് പല കാരണങ്ങൾ ഉണ്ടാകാം. ഒന്നുകിൽ ഉദാസീനത അല്ലെങ്കിൽ ആരെയൊക്കെയോ ഭയപ്പെടുന്നു. അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രീതി നഷ്ടപ്പെടുന്നു. അല്ലെങ്കിൽ സ്വന്തം നിലനിൽപ്പിനു സാരമായി ബാധിക്കും എന്നുള്ള ചിന്ത ഇങ്ങനെ പല കാരണങ്ങളാൽ ആളുകൾ മൗനം പാലിക്കുന്നു എന്നതാണ് സത്യം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഇന്ന് ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ഒരു മഹാസഭയാണല്ലോ. ഒരു കാതോലിക്കായുടെ കീഴിൽ അനേകം മെത്രാപ്പോലീത്താമാരും അനേകം ഭദ്രാസനങ്ങളും ആയിരക്കണക്കിന് വൈദികരും ലക്ഷക്കണക്കിന് അംഗങ്ങളുമുള്ള ഒരു വലിയ സഭ. എന്നാൽ സഭയുടെ ആത്മീയവും ഭരണപരവുമായ കാര്യങ്ങളെക്കുറിച്ച് വിലയിരുത്തുകയാണെങ്കിൽ ഐ.എ.എസുകാർ നമ്മുടെ രാജ്യം ഭരിക്കുന്നതുപോലെ ഓരോ ഇടവകയും അതിന്റെ ആത്മീയവും ഭരണപരവുമായ കാര്യങ്ങൾ യാന്ത്രികമായിട്ട് നടത്തിപ്പോകുന്നു എന്നതാണ് സത്യം.

സഭയ്ക്ക് ശരിയായ നേതൃത്വം ഇല്ലാത്തിന്റെ മറ്റ് ഉദാഹരണമാണ് അടുത്ത് അടുപ്പിച്ച് രണ്ട് മലങ്കര അസോസിയേഷൻ കൂടിയത്. അസോസിയേഷൻ കൂടുന്നത് അത്ര നിസ്സാരമായ കാര്യമല്ല. ശരിയായി ആലോചിച്ച് ചെയ്തിരുന്നെങ്കിൽ ശാസ്താംകോട്ടയിൽവച്ച് കൂടിയ അസോസിയേഷൻ ഒഴിവാക്കാമായിരുന്നു. പാമ്പാക്കുടവെച്ച് കൂടിയ അസോസിയേഷനിൽ സ്ഥാനാർത്ഥികളുടെ പ്രായപരിധി 55 വയസ്സായിരുന്നു. ശാസ്താംകോട്ടയിൽവെച്ച് കൂടിയപ്പോൾ അത് 58 ആക്കി. മറ്റേതെങ്കിലും സഭയിൽ ഈ വിധത്തിലുള്ള തീരുമാനങ്ങൾ എടുത്തിരുന്നതായി എനിക്ക് ഓർമ്മയില്ല. ആർക്കുവേണ്ടിയാണ് 55 വയസ്സ് ആക്കിയത്. ആർക്കുവേണ്ടിയാണ് 58 വയസ്സാക്കിയത്. ചിലരെ ഒഴിവാക്കാനാണോ, അതോ ചിലരെ ഉൾപ്പെടുത്താനാണോ ഇങ്ങനെ മാറ്റിമറിച്ച തീരുമാനമെടുക്കുന്നത്. എന്തോ അങ്ങനെ തോന്നിപ്പോകുന്നു. ഓരോ സമയത്ത് ഓരോ അഭിപ്രായം പറയും നടപ്പാക്കുന്നു. ശരിയായ നേതൃത്വം ഇല്ലാത്തുകൊണ്ടല്ലേ ഇങ്ങനെയൊക്കെ സംഭവിക്കുന്നത്. ഏതായാലും പരിചയംകൊണ്ടോ സ്വാധീനംകൊണ്ടോ ഏഴുപേരെ തെരഞ്ഞെടുത്തു. ഭൂരിപക്ഷം കിട്ടാത്തവർ അയോഗ്യരാണെന്നു ചിന്തിക്കുവാൻ പാടില്ല.

ഭദ്രാസനം വെട്ടിമുറിക്കുന്നതോ തുടരെ തുടരെ മേൽപട്ടക്കാരെ വാഴിക്കുന്നതോ സഭയുടെ വളർച്ചയായിട്ടോ വികസനമായിട്ടോ എനിക്ക് അഭിപ്രായമില്ല. എം.ഡി.സെമിനാരിയിൽ ഇരുന്നുകൊണ്ട് വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് തിരുമേനി ലോകത്തെമ്പാടുമുള്ള ബാഹ്യകേരളാ ഭദ്രാസനം ഭരിച്ചില്ലേ. ഒരു നിവേദനവും ആരും അയച്ചിട്ടില്ല. ഭദ്രാസന ചുമതല ഏൽക്കുന്ന മെത്രാപ്പോലീത്താമാർ ഈ അടുത്ത സമയം സഭ സന്ദർശിച്ച പ.അരാം തിരുമേനി പറഞ്ഞതുപോലെ സഭ ആളുകളിലേക്ക് ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു. ഞാൻ മെത്രാപ്പോലീത്താമാരെ ഉപദേശിക്കുകയാണെന്ന് ചിന്തിക്കരുത്. സ്ഥാനവും പദവിയും കിട്ടിക്കഴിയുമ്പോൾ ഞാനൊത്തിരി കർശനക്കാരനാണ് എന്ന സമീപന രീതി സ്വാഗതാർഹമല്ല. ഭദ്രാസനത്തിലെ പള്ളികൾക്ക് മുൻഗണന കൊടുക്കണം. വിശേഷ ദിവസങ്ങൾ ക്ഷണിക്കുന്ന ഇടവകയിൽ പോകും എന്ന നിലപാട് തിരുത്തണം. സാമ്പത്തികശേഷി കുറഞ്ഞ പള്ളികളിൽ വിശേഷ ദിവസങ്ങളിലും അല്ലാത്ത സമയത്തും അങ്ങോട്ട് കടന്നുചെല്ലണം. മാസത്തിലൊരിക്കലെങ്കിലും ഇടവകയിലെ വൈദികനെ വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുന്നതുകൊണ്ട് ഒന്നും നഷ്ടപ്പെടുന്നില്ല. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അത് പരിഹരിക്കുവാൻ തിരുമേനിമാർ മുൻകൈ എടുത്താൽ അത് പ്രതീക്ഷിക്കാത്ത ഫലം കിട്ടുമല്ലോ. അതല്ലാതെ അവർ കിടന്ന് അടിക്കട്ടെ. അടിച്ചു ക്ഷീണിക്കുമ്പോൾ താനെ പ്രശ്നം തീർന്നുകൊള്ളും എന്ന നിലപാട് ആരോഗ്യപരമാകത്തില്ല. വൈദികർ മിക്കവരും വിവാഹിതരാണല്ലോ. ഒരു പരിധിവരെ അവർക്ക് പരിഗണന കൊടുത്താൽ അത് അധികപ്പറ്റായിരിക്കില്ല. വൈദികരെ പരസ്യമായി ശാസിക്കുന്നത് നല്ലതല്ലല്ലോ. ഒരു വൈദികൻ എന്തെങ്കിലും കാരണത്താൽ ഏതെങ്കിലും പരിപാടിക്ക് വന്നില്ലെങ്കിൽ ഉടനെ കാരണം കാണിക്കൽ നോട്ടീസ് അയക്കുന്നത് അപലപനീയമാണ്. ഇടവകക്കാർ കാരണം പ്രശ്നമുണ്ടായാൽ അവരെ പ്രീതിപ്പെടുത്തുവാൻ വേണ്ടി ഇതിനുകാരണം വികാരിക്ക് ഇടവക ഭരിച്ചുള്ള പരിചയമില്ലാത്തതുകൊണ്ടാണ് എന്നും മറ്റും തിരുമേനിമാർ പറയുകയാണെങ്കിൽ ആ വൈദികനെക്കുറിച്ച് ഇടവകക്കാർ എന്തുവിചാരിക്കും.

ശരിയായ നേതൃത്വം ഇല്ലാത്തതിന്റെ പാളിച്ചകളാണല്ലോ പറഞ്ഞുവന്നത്. അതുകൊണ്ടായിരിക്കാം വൈദികരുടെ ഇടയിൽ പണ്ടുണ്ടായിരുന്ന സ്നേഹബഹുമാനാദരവുകൾ കുറഞ്ഞുവരുന്നത്. 42 വർഷം മുമ്പ് ബാഹ്യകേരള ഭദ്രാസനം ഒന്നായിരുന്ന സമയത്ത് വൈദികരുടെ ഇടയിൽ തമ്മിൽ തമ്മിലുള്ള സ്നേഹാദരവുകൾ ഒന്നു വേറെ ആയിരുന്നു. ഇന്ന് വൈദികർ ചെറുപ്പമാണ് (മെത്രാപ്പോലീത്താമാരും ചെറുപ്പമാണല്ലോ) ഓരോരുത്തരും അവരവരുടെ നിലനിൽപ്പിനുവേണ്ടി പരക്കം പായുന്നു. ചിലർ തിരുമേനിമാരെ സ്വാധീനിക്കുന്നു, നല്ല ഇടവക കിട്ടുന്നതിന്. തിരുമേനി തരുന്ന ഇടവക സസന്തോഷം സ്വീകരിക്കുന്നതല്ലേ അഭികാമ്യം. കാലാവധി നീട്ടിക്കിട്ടുവാൻ തിരുമേനിമാരെ നേരിട്ടല്ലെങ്കതിലും മറ്റുള്ളവർവഴി സ്വാധീനിക്കുന്നു എന്നതും മറച്ചുവെയ്ക്കുന്നില്ല. പോകുന്നതുവരെ സ്വന്തതാൽപര്യം നടത്തണം, അതിനു കുറേപ്പേരുടെ സഹായം ആവശ്യമായിരിക്കാം. നമ്മൾ സഹിക്കുവാനും ക്ഷമിക്കുവാനും വിളിക്കപ്പെട്ടവരല്ലേ. മുൻകോപം പലയിടത്തും പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. അത് നിയന്ത്രിക്കാൻ പറ്റാത്ത ചുറ്റുപാടുകൾ പല ഇടവകകളിലും ഉണ്ടായിട്ടുണ്ട്. ഇടവകയുടെ സമ്പത്തും ബലവും ഇടവകാംഗങ്ങളാണല്ലോ. അവരുടെ നന്മയാണെല്ലോ നമ്മുടെ ലക്ഷ്യം.

ശരിയായ നേതൃത്വം സഭയിൽ ഇല്ലാത്തതുകൊണ്ടാണല്ലോ അനാരോഗ്യം കാരണം ശാരീരികമായി ബലഹീനതയും ക്ഷീണവുമുള്ള വൈദികരും മേൽപട്ടക്കാരും സ്ഥാനവും അധികാരവും വിട്ടുകൊടുക്കാതെ അവിടെതന്നെ ഇരിക്കുന്നത്. അനാരോഗ്യംമൂലം വി.കുർബ്ബാന, കാസായും പീലാസായും കയ്യിൽനിന്ന് മദ്ബഹായിലെ തറയിൽവീണ് വി.കുർബ്ബാനയിലെ അപ്പം പല സ്ഥലങ്ങളിൽ ചിതറിവീഴുന്നത് സങ്കടകരമായ കാഴ്ചയാണ്. മദ്ബഹായിലെ വിലകൂടിയ കാർപറ്റ് ചീത്തയാകാതിരിക്കുന്നതിന് പെട്ടന്ന് കടലാസ് തൂവാല ഇട്ട് ഒപ്പി എടുക്കുന്നത് എങ്ങനെ വിലയിരുത്തും. മിഠായി പെറുക്കുന്നതുപോലെ കുട്ടികൾ അപ്പക്കഷണങ്ങൾ പെറുക്കിയെടുത്ത് വൈദികനെ ഏൽപ്പിക്കുന്നത് കെട്ടുകഥയല്ല. സംഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ആജ്ഞാശക്തിയുള്ള ഒരു നേതൃത്വം ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കുകയില്ലായിരുന്നു.

ശരിയായ നേതൃത്വം ഇല്ലാത്തതിന്റെ വേറൊരു ഉദാഹരണം പറയട്ടെ. ഈ അടുത്ത സമയത്ത് ഒരു വിവാഹശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് ഒരു പള്ളിയിൽ എനിക്ക് പോകേണ്ടിവന്നു. പ.ബാവായും ഭദ്രാസന മെത്രാപ്പോലീത്തായും വരുവാൻ അല്പം വൈകി. ഞാൻ പള്ളിയിൽ കയറി ഒന്നു പ്രാർത്ഥിക്കാമെന്നു വിചാരിച്ചു. നാനാജാതി മതസ്ഥർ ധ്യാനിക്കുവാനും കണ്ണുനീർ വീഴ്ത്തി പ്രാർത്ഥിക്കുവാനും വരുന്ന ഒരു പള്ളിയാണ്. ധാരാളം ആളുകൾ മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. ഹൈക്കലായിൽ വെച്ചിട്ടുള്ള ഒരു പീഠത്തിൽ ഉറപ്പിച്ച ഒരു ക്രയിൻ വളരെ ഉയരത്തിലും വശങ്ങളിലേക്കും മറ്റും തിരിയുന്നതും കണ്ടു. ഞാൻ വിചാരിച്ചു ഏതോ ബൾബ് മാറ്റിയിടുകയായിരിക്കുമെന്ന്. പിന്നീടാണ് സത്യാവസ്ഥ മനസ്സിലായത് വീഡിയോ ക്യാമറയുടെ ക്രയിനാണ് അത് എന്ന്. ശരിയാണ് സൂക്ഷിച്ചുനോക്കിയപ്പോൾ ഒരു ക്യാമറ ക്രയിനിന്റെ അറ്റത്തുണ്ടായിരുന്നു. ഞാൻ അത്ഭുതപ്പെട്ടു. നമ്മുടെ ആരാധനാസ്ഥലങ്ങളിൽ സിനിമാ ലൊക്കേഷൻ പോലെ ആയിതീർന്നല്ലോ എന്ന്. ഈവക കാര്യങ്ങൾ ഒരു വിജ്ഞാപനം വഴി നിർത്തിക്കൂടെ. ആധികാരികമായിട്ട് പറയേണ്ടവർ ഉണ്ടായിരുന്നു. പക്ഷെ അവർ നിസ്സഹായരാണെന്നു പിന്നീട് എനിക്ക് മനസ്സിലായി. ആജ്ഞാശക്തിയുള്ള നേതൃത്വത്തിനു മാത്രമേ ഇങ്ങനെയുള്ള കാര്യങ്ങൾ തുടച്ചു മാറ്റുവാൻ കഴിയുകയുള്ളു.

ശരിയായ നേതൃത്വത്തിന്റെ അഭാവമാണ് ഇന്നത്തെ സണ്ടേസ്ക്കൂൾ പരീക്ഷ. ഇന്നത്തെ പരീക്ഷാസമ്പ്രദായം നല്ലതായിരിക്കാം. എന്നാൽ സെൻട്രൽ പരീക്ഷ പത്താം ക്ലാസ്സിൽ പോരായോ. അല്ലെങ്കിൽ പന്ത്രണ്ടാം ക്ലാസ്സിൽ. കാരണം മിക്ക ഇടവകയിലും പത്താംക്ലാസുവരെയെ കാണത്തുള്ളു. അതാതു ഇടവകയിലെ അദ്ധ്യാപകർ പഠിപ്പിച്ചു പരീക്ഷ നടത്തുന്നതല്ലേ നല്ലത്. ഏതായാലും പഠിപ്പിക്കുന്നത് ആത്മീയകാര്യമാണ്. സഭയെക്കുറിച്ചോ വിശ്വാസമോ ആരാധനയോ പ്രാർത്ഥനയോ മറ്റോ ആയിരിക്കും വിഷയങ്ങൾ. അതിന് ഈ കേംബ്രിഡ്ജ് രീതി കൊച്ചുകുഞ്ഞുങ്ങളെ അടിച്ചേൽപ്പിക്കുന്നത് എന്തിനാണ്. 7,8,9 വയസ്സു പ്രായമുള്ള കുഞ്ഞുങ്ങൾ പുൽപ്പായിൽ പരീക്ഷയ്ക്ക് ഇരിക്കുമ്പോൾ ഒരിക്കലും അവർ കണ്ടിട്ടില്ലാത്തവർ ഓടിവന്ന് അവരുടെ കയ്യും പോക്കറ്റും പരിശോധിക്കുന്നു. ഒരു നമ്പരു കൊടുക്കുന്നു. പലവട്ടം വന്ന് ആ നമ്പര് പരിശോധിക്കുന്നു. എന്തിന് ഈ കുഞ്ഞുങ്ങളെ മാനസികമായി പീഡിപ്പിച്ച് അവരെ ബലിയാടാക്കുന്നു. ഈ പരീക്ഷാരീതി നിർത്തിയാൽ അത് തികച്ചും സ്വാഗതാർഹമായിരിക്കും.

# ദേവാലയങ്ങളുടെ സാമൂഹിക പ്രസക്തി

ജിജു ജോർജ് ഭിലായ്

സാമൂഹിക പ്രസക്തിയും പ്രതിബദ്ധതയും ഉള്ള ദേവാലയങ്ങൾ അന്യംനിന്നുപോകുന്ന ഒരു ആധുനിക കാലഘട്ടമാണല്ലോ ഇത്. നമ്മുടെ ദേവാലയങ്ങൾ അനാഥർക്കും ആശയറ്റവർക്കും ഒരു അത്താണിയായി മാറേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കർത്താവിന്റെ ആലയങ്ങളിൽ ഇന്നു നടക്കുന്ന ആഡംബര ഭ്രമവും ധൂർത്തും തൻപോരിമയും ഗർവ്വും അവസാനിപ്പിച്ചേ തീരു. ഓരോ ദേവാലയത്തിന്റെയും സമീപപ്രദേശത്തുതന്നെ പള്ളികളുടെ ചുമതലയിലും നിയന്ത്രണത്തിലും അനാഥമന്ദിരം, വദ്ധമന്ദിരം തുടങ്ങിയ സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനങ്ങൾ ലാഭേച്ഛയില്ലാതെ തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഭൗതീകമായ ഉയർച്ചയേക്കാൾ ആത്മീയതയിലൂന്നിയ ഭൗതികതയ്ക്കാണ് നാം പ്രാമുഖ്യം കൊടുക്കേണ്ടത്. അതി ഭൗതികവാദം നമ്മെ നാശത്തിലേ കൊണ്ടുചെന്നെത്തിക്കൂ. മനുഷ്യബന്ധങ്ങൾക്ക് ഒരു വിലയും കല്പിക്കാത്ത നമ്മുടെ യുവതലമുറയെ ആത്മീയതയിൽ വളർത്തണമെങ്കിൽ പ്രസംഗചാതുരികൊണ്ടോ, കൗൺസലിംഗ് മുഖേനയോ ഒന്നും സാധ്യമല്ല. സഭയുടെ ലാഭേച്ഛയില്ലാത്ത പ്രവർത്തനങ്ങൾകൊണ്ടു മാത്രമേ യുവതലമുറയുടെ നഷ്ടപ്പെട്ടുപോയ വിശ്വാസം ആർജ്ജിച്ചെടുക്കുവാൻ കഴിയുകയുള്ളു. പൗലോസ് അപ്പോസ്തോലൻ പറയുന്നു പ്രവർത്തിയില്ലാത്ത വിശ്വാസം നിർജ്ജീവമാകുന്നു. അതെ നാം ഇന്ന് അനുവർത്തിക്കുന്ന നയം പ്രവർത്തിയില്ലാത്ത വിശ്വാസത്തിന്റേതാണ്. കോടികൾ ചെലവാക്കി ദേവാലയങ്ങൾക്കു സമീപം ഓഡിറ്റോറിയങ്ങളും ഗസ്റ്റ് ഹൗസുകളും പണിയുന്നതല്ല ക്രിസ്തീയത. നമ്മുടെ പിതാക്കന്മാർ പള്ളികൾക്കു സമീപം പള്ളിക്കൂടങ്ങൾ ഉണ്ടാക്കിയെങ്കിൽ അത് സമൂഹത്തിനു മുഴുവൻ ഗുണം കിട്ടുന്നതിനുവേണ്ടിയായിരുന്നു. അങ്ങനെയുള്ള സ്ക്കൂളുകളിൽ ജാതിപരമായും സാമ്പത്തികപരമായും ഒരു ഉച്ചനീചത്വവും കാണിച്ചിരുന്നില്ല. എന്നാൽ ഇന്ന് നാം ഒരുപാട് ഉച്ചനീചത്വങ്ങൾ നമ്മുടെ സഭാംഗങ്ങൾക്കിടയിൽത്തന്നെ ഉണ്ടാക്കിയിരിക്കുന്നു. പല ദേവാലയങ്ങളിലും ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള വേർതിരിവ് അത്യന്തം ഭയാനകമാംവിധം വളർന്നിരിക്കുന്നു. സമത്വം സർവ്വയിടത്തും ഉണ്ടാകണമെന്നു ശഠിക്കുന്നില്ല. പക്ഷെ സഭാംഗങ്ങൾക്കിടയിൽ ഇല്ലാത്തവർ ആരെന്നു തിരിച്ചറിഞ്ഞ് അവരെ ആത്മാർത്ഥമായി സഹായിക്കുവാനുള്ള മനസ്സ് സഭാനേതൃത്വത്തിനുണ്ടാകണം. തൊഴിലില്ലാത്ത ചെറുപ്പക്കാർ നമ്മുടെ രാജ്യത്ത് പെരുകിക്കൊണ്ടിരിക്കുന്നു. അനേകം യുവാക്കൾ ഗൾഫ് നാടുകളിലെ ജോലി മതിയാക്കി തിരിച്ചുവന്നിരിക്കുന്നു. ഈ വന്നവർക്ക് തൊഴിൽ സാധ്യതകൾ മനസ്സിലാക്കികൊടുക്കുവാൻ നമ്മുടെ ആത്മീയ നേതൃത്വത്തിനു കഴിയണം. പള്ളികളോടനുബന്ധിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ഉണ്ടായാൽ എത്രയോ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കും. നമ്മുടെ ദേവാലയങ്ങൾ ഇന്ന് മിക്കവാറും വലിയ സാമ്പത്തിക അടിത്തറ ഉള്ളവയാണ്. ഇടവകാംഗങ്ങൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് നമ്മുടെ സാധ്യതകളെ പ്രയോജനപ്പെടുത്തിയാൽ വൻ പുരോഗതി കൈവരിക്കാനും രാജ്യത്തെ ഒന്നാംകിട സമുദായമായി വളർച്ച കൈവരിക്കാനും നമുക്ക് കഴിയും. ഇത്തരം ഒരു വളർച്ചയിലേക്ക് സമുദായത്തേയും ദേവാലയങ്ങളെയും കൈപിടിച്ചുനടത്തുവാൻ സഭാനേതൃത്വത്തിലെ പുത്തൻതലമുറയ്ക്ക് സാധിതപ്രായമാകണം.

# പെരുന്നാളുകൾ നടത്തുന്നതു സംബന്ധിച്ച് കത്തോലിക്കാസഭയിൽ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ

## കേരളത്തിലെ ക്രൈസ്തവസഭകൾ എല്ലാം മാതൃകയാക്കേണ്ട നിർദ്ദേശം

കൊച്ചി : ഇടവകയിൽ പെരുന്നാളുകൾ നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ കേരളാ കാത്തലിക് ബിഷപ്പ് കോൺഫറൻസ് (കെ.സി.ബി.സി.) യോഗം തീരുമാനിച്ചു. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിലും പരിസ്ഥിതി പ്രശ്നങ്ങൾ, ശബ്ദമലിനീകരണം, ഗതാഗതതടസ്സം എന്നിവ ഒഴിവാക്കിയുമാണ് പെരുന്നാളുകൾ നടത്തേണ്ടത് എന്ന് കെ.സി.ബി.സി. നിർദ്ദേശിച്ചു. പെരുന്നാളാഘോഷങ്ങളിൽ കടന്നുകൂടിയിട്ടുള്ള തെറ്റായ കീഴ്വഴക്കങ്ങൾ ഒഴിവാക്കണമെന്നും കെ.സി.ബി.സി. ആഹ്വാനം ചെയ്തിട്ടുണ്ട്. മത്സരബുദ്ധിയോടുകൂടി നടത്തുന്ന ആഘോഷങ്ങൾക്ക് കെ.സി.ബി.സി. വിലക്കേർപ്പെടുത്തിയിട്ടുണ്ട്. പെരുന്നാളുകളും പള്ളിപ്പരിപാടികളും വാണിജ്യവൽക്കരിക്കരുതെന്നും പെരുന്നാളിന്റെയോ നൊവേനയുടെയോ ഭാഗമായി സംഘടിപ്പിക്കുന്ന ഊട്ടുനേർച്ച, നേർച്ചസദ്യ എന്നിവ ഇടവക സമൂഹത്തിന്റെ മാത്രം പരിപാടിയായി മാറ്റണമെന്നും നിർദ്ദേശങ്ങളിൽ പറയുന്നു. പ്രത്യേക അവസരങ്ങളിൽ ഇടവകാതിർത്തിയിലെ മറ്റു മതസ്ഥരെയും ഇതിലേക്ക് ക്ഷണിക്കണമെന്നും നിർദ്ദേശമുണ്ട്. തിരുനാൾ, നൊവേന, ധ്യാനം, ബൈബിൾ കൺവൻഷൻ, ഊട്ടുനേർച്ച എന്നിവയ്ക്ക് ഹോർഡിംഗുകളും, ഫ്ളെക്സ് ബോർഡുകളും വെച്ച് പരസ്യം നൽകുന്നത് നിരുത്സാഹപ്പെടുത്തണം. പെരുന്നാളുകൾ നടത്താൻ ചെലവിടുന്ന തുകയുടെ നിശ്ചിത ശതമാനം സാമൂഹിക പ്രവർത്തനങ്ങൾക്ക് നീക്കിവെയ്ക്കണം. നേർച്ച വസ്തുക്കൾ ലാഭം ലക്ഷ്യംവെച്ച് വിൽപന നടത്തരുത്. പള്ളി അംഗണത്തിൽ രാത്രിവൈകി കലാപരിപാടികൾ നടത്തരുത്. ആഘോഷങ്ങൾ ആർഭാടമാക്കാൻ ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കരുതെന്നും കെ.സി.ബി.സി.യുടെ മാർഗ്ഗനിർദ്ദേശത്തിൽ പറയുന്നു.

### കെ.സി.ബി.സിയുടെ നിർദ്ദേശത്തെ അഭിനന്ദിച്ചുകൊണ്ട് മലയാള മനോരമ പ്രസിദ്ധീകരിച്ച മുഖപ്രസംഗം

## ഇതാണ് യഥാർത്ഥ വഴിയും സത്യവും

വത്തിക്കാൻ മുതൽ ഇവിടുത്തെ കെ.സി.ബി.സി (കത്തോലിക്കാ മെത്രാൻ സമിതി) വരെയുള്ളവരുടെ നിലപാടുകൾക്കും ഇടയലേഖനങ്ങൾക്കും കേരളം എപ്പോഴും കാതോർക്കാറുണ്ട്. സഭയുടെ സാമൂഹിക പ്രതിബദ്ധത പ്രഖ്യാപിക്കുന്ന നിലപാടുകൾ നേതൃത്വത്തിൽനിന്നുണ്ടാകുമ്പോൾ അതിൽ മാതൃകാപരമായ വഴിയും സത്യവും കേരളം ദർശിക്കുകയും ചെയ്യുന്നു. കത്തോലിക്കാ സഭ ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത് അംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടമാണെങ്കിലും അതിനു സഭയ്ക്കുപരിയായ പ്രസക്തിയുണ്ട്.

തിരുനാൾ ആർഭാടങ്ങൾ അരുതെന്നു കത്തോലിക്കാ സഭയുടെ നേതൃസമിതിയായ കെ.സി.ബി.സി. നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇടവകപള്ളികളും കപ്പേളകളും ഉൾപ്പെടെയുള്ള സഭാസ്ഥാപനങ്ങൾ മത്സരബുദ്ധിയോടെ നടത്തുന്ന ആഘോഷങ്ങൾക്ക് വിലക്ക് ഏർപ്പെടുത്താൻ വരെ കെ.സി.ബി.സി. തയ്യാറായിരിക്കുന്നു. ഇത്തരം ആഘോഷങ്ങൾക്കു ചെലവിടുന്ന തുകയുടെ നിശ്ചിത ശതമാനം സാമൂഹിക പ്രവർത്തനങ്ങൾക്കു നീക്കിവെയ്ക്കണമെന്നാണു നിർദ്ദേശം. തിരുനാളാഘോഷങ്ങൾക്ക് ഒന്നിലധികം മെത്രാന്മാർ പാടില്ല, സ്വർണ്ണം, വെള്ളി കുരിശുകളുടെ പ്രകടനം വേണ്ട, വെടിക്കെട്ട് ഒഴിവാക്കണം എന്നീ നിർദ്ദേശങ്ങൾ ആഡംബരങ്ങൾ കുറയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ത്യാഗത്തിന്റെയും ലാളിത്യത്തിന്റെയും വഴി കാട്ടിത്തന്ന ക്രിസ്തുവിന്റെ ചൈതന്യം പൂർണ്ണമായി ഉൾക്കൊള്ളുവാനുള്ള ശ്രമത്തിലേക്ക് സുപ്രധാനമായ കാൽവെയ്പാണിത്.

സഭയിലെ ആചാരങ്ങൾ മുതലെടുപ്പിനുള്ള അവസരമാക്കരുടെന്ന നിർദ്ദേശമാണ് ഏറ്റവും വിപ്ലവകരം. പള്ളിപരിപാടികൾ വാണിജ്യവൽക്കരിക്കരുതെന്നും ഊട്ടുനേർച്ച, നേർച്ചസദ്യ എന്നിവ അതത് ഇടവകയുടേതുമാത്രമായി പരിമിതപ്പെടുത്തണമെന്നുമുള്ള നിലപാട് സ്വീകരിച്ച കെ.സി.ബി.സി. ഇവ സംബന്ധിച്ച ഫ്ളെക്സ് ബോർഡുകളും മറ്റും പ്രദർശിപ്പിക്കുന്നത് നിരുത്സാഹപ്പെടുത്തണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു. ഇത്തരം പരസ്യങ്ങൾ കൊടുക്കേണ്ടിവന്നാൽപോലും അത്ഭുത രോഗശാന്തി ശുശ്രൂഷ പോലുള്ള വാചകങ്ങൾ ഒഴിവാക്കണമെന്നതാണു ശ്രദ്ധേയമായ നിർദ്ദേശം.

ഇപ്പോൾ കേരളത്തിലെ റോഡുകളിലും പൊതുസ്ഥലങ്ങളിലും രാഷ്ട്രീയ സാമുദായ സംഘടനാ നേതാക്കളുടെ ചിത്രങ്ങളുടെ വൻ ബോർഡുകൾ സ്ഥിരം കാഴ്ചയാണ്. മിക്കവർക്കും അരോചകവുമാണ് ഈ വഴിയോരക്കാഴ്ച. പൊതുജനങ്ങൾക്ക് ഉപദ്രവകരവും ഗതാഗതത്തിന് തടസ്സവുമായ ഇത്തരം ബോർഡുകളുടെ പേരിൽ ബന്ധപ്പെട്ട സംഘടനയെ മാത്രമല്ല, ബോർഡിൽ പ്രത്യക്ഷപ്പെടുന്ന നേതാക്കളെ കൂടി ശിക്ഷിക്കുമെന്നു മുംബൈ ഹൈക്കോടതി ഈയിടെ മുന്നറിയിപ്പു നൽകി. ഈ പ്രതിഛായ നിർമ്മാണ കലയിലേക്കു സഭകൾപോലും വഴുതിവീണുകൊണ്ടിരിക്കുന്ന ഇക്കാലത്തു കത്തോലിക്കാ സഭ സ്വീകരിക്കുന്ന നിലപാടു മാതൃകാപരം തന്നെ.

വഴിയോരങ്ങളിലെ കപ്പേളകളും കുരിശിൻതൊട്ടികളും ജനങ്ങളുടെ വഴിമുടക്കരുതെന്നു സീറോ മലബാർ സഭ ഏഴുവർഷം മുൻപ് ഇടവകാംഗങ്ങളെ ഉപദേശിച്ചിരുന്നു. ഇവിടെ പ്രാർത്ഥന നടത്തിയാൽതന്നെ അതു ഗതാഗതത്തിനു തടസ്സമാകരുതെന്നും ശബ്ദശല്യം സൃഷ്ടിക്കരുതെന്നും സഭ വിലക്ക് ഏർപ്പെടുത്തി. പൊതുവികാരം കണക്കിലെടുത്ത് വഴിയോര കപ്പേളകളിലെ ആരാധന ഒഴിവാക്കണമെന്നും ഇത്തരം നിർമ്മാണങ്ങളെക്കുറിച്ച് വീണ്ടുവിചാരം വേണമെന്നുമായിരുന്നു അന്ന് ഇടയലേഖനത്തിൽ പറഞ്ഞിരുന്നത്. റോഡുവികസനത്തിനായി അത് ഉള്ളിലേക്ക് മാറ്റാനോ പൊളിച്ചുമാറ്റാനോ സഭകൾ തയ്യാറാകുമ്പോൾ ആ വിട്ടുവീഴ്ചയിലൂടെ സമൂഹത്തിനു ലഭിക്കുന്നതു വലിയൊരു കൃപാവരമായിരിക്കും. തിരുവനന്തപുരത്ത് തുമ്പയിലെ ബഹിരാകാശ കേന്ദ്രത്തിനുവേണ്ടി പള്ളിതന്നെ വിട്ടുകൊടുക്കുകയും കൊച്ചിയിൽ കപ്പൽനിർമ്മാണശാലയ്ക്കുവേണ്ടി പള്ളി മാറ്റിസ്ഥാപിക്കുകയും ചെയ്ത പാരമ്പര്യം കത്തോലിക്കാസഭ പിന്തുടരുന്നുണ്ട്.

കാലം ആവശ്യപ്പെടുമ്പോഴൊക്കെ സ്വയം നവീകരണത്തിനു തയ്യാറാകാറുള്ള കത്തോലിക്കാ സഭ ഇപ്പോൾ പുതിയ പെരുമാറ്റച്ചട്ടത്തിലൂടെ ഉയർത്തുന്നതും സ്വന്തം പ്രതിഛായതന്നെയാണ്. (മലയാള മനോരമ 2010 ജൂലൈ 2)

## അഹന്തയുടെ ദന്തഗോപുരങ്ങൾ

**(മെയ് 2010-ലെ ക്രൈസ്തവദീപികയിൽ ഡോ.സി.ബഞ്ചമിൻ എഴുതിയ ലേഖനമാണ് താഴെകൊടുക്കുന്നത് (കടപ്പാട് : ഓശാന ജൂലൈ 2010)**

ഇങ്ങനെയായാൽ കുറച്ചുകഴിയുമ്പോൾ നമുക്ക് പള്ളികളെ മുട്ടി നടക്കാനാവാതെ വരുമെന്ന് തീർച്ച. പല പള്ളികളും തമ്മിൽ ഒരു കിലോമീറ്ററിന്റെ അകലംപോലും ഇല്ല. ഉള്ള പള്ളികളോ ആഡംബര മോടി പിടിപ്പിച്ച കൂറ്റൻ കെട്ടിടങ്ങളും. ആകാശത്തെ തൊട്ടുരുമി നിൽക്കുന്ന ഗോപുരങ്ങൾ. ലക്ഷക്കണക്കിന് ചിലവാക്കിയാണ് ഈ കൂറ്റൻ എടുപ്പുകൾ പണിയുന്നത്. വിശ്വാസികളെ ഞെക്കിപ്പിഴിഞ്ഞും അബ്ക്കാരികളെയും കോൺട്രാക്റ്റർമാരെയും സേവ പിടിച്ചും നിർമ്മിക്കുന്ന ഈ കെട്ടിടങ്ങൾ ദൈവത്തിന്റെ മഹത്വമാണോ നമ്മുടെ അഹന്തയാണോ വെളിപ്പെടുത്തുന്നത്? ഇത്തരം കൂറ്റൻ ദേവാലയങ്ങളിൽ ഞായറാഴ്ചകളിൽപോലും ആരാധനയ്ക്ക് ആളെ കിട്ടാത്ത അവസ്ഥ അമേരിക്കപോലുള്ള രാജ്യങ്ങളിൽ ഇന്നുണ്ട്. അവിടുത്തെ പല പള്ളികെട്ടിടങ്ങളും ഇന്ത്യയിലെ ഹിന്ദു ആൾദൈവങ്ങൾ വിലയ്ക്ക് വാങ്ങിയിട്ടുമുണ്ട്. സഭയെന്നാൽ പള്ളിക്കെട്ടിടം എന്ന ധാരണയെ അടിച്ചിരുത്തുന്ന പരുഷമായ സത്യമാണിത്.

ഈ മാർബിൾ കെട്ടിടങ്ങളിൽ ദൈവത്തെ തടവുകാരനാക്കി വെക്കാമെന്നാണോ നാം കരുതുന്നത്?

പഴയനിയമകാലത്ത് ദൈവത്തിനാവസിക്കാൻ ദൈവാലയം പണിയുന്നതിനെക്കുറിച്ചുള്ള സൂചനയുണ്ട്. ദൈവം സമാഗമനകൂടാരത്തിലെ അൾത്താരയിൽ അതിവസിക്കുന്നു എന്നായിരുന്നു ധാരണ. യഹോവയായ ദൈവം സമാഗമനകൂടാരവും അൾത്താരയും എങ്ങനെ പണിയാമെന്നതിന്റെ കൃത്യമായ വിശദാംശങ്ങൾ നൽകി. അതിൽ വള്ളിയെങ്കിലും പുള്ളിയെങ്കിലും മാറ്റം വരുത്താൻ മോശയ്ക്കോ അഹറോനോ അധികാരമുണ്ടായിരുന്നില്ല. പക്ഷേ പ്രവാസജീവിതത്തിനുശേഷം ആ അവസ്ഥയ്ക്ക് മാറ്റം വന്നു. പിന്നെ നാം കാണുന്ന പള്ളി പണി ദാവീദും ശലോമോനും കൂടി നിർവ്വഹിച്ചതാണ്. പൊന്നും വെള്ളിയും താമ്രവും ഒക്കെകൊണ്ട് പടുത്തുയർത്തിയ യെരുശലേം ദൈവാലയം പിൽക്കാലത്ത് കള്ളന്മാരുടെ ഗുഹയായി തീർന്ന കെട്ടിടം തന്നെ! ആ കെട്ടിടത്തിനെക്കുറിച്ച് യേശുക്രിസ്തുവിന് അത്ര വലിയ മതിപ്പൊന്നും ഉണ്ടായിരുന്നില്ല. അത് കല്ലിനു പുറത്ത് കല്ല് അവശേഷിക്കാതെ നാമാവശേഷമാകുമെന്ന് യേശുക്രിസ്തു പ്രവചിച്ചത് (മത്തായി 24:2) അങ്ങനെതന്നെ സംഭവിച്ചുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ദൈവസാന്നിദ്ധ്യത്തെ ഭയന്ന് മഹാപുരോഹിതൻ കാലിൽ ചങ്ങലയുമായി പ്രവേശിച്ചിരുന്ന മഹാപരിശുദ്ധസ്ഥാനം ഉൾപ്പെടെയാണ് ആ കെട്ടിടം തകർന്ന് തരിപ്പണമായത്.

ഏതെങ്കിലും കൂടാരത്തിലോ കൈപ്പണിയായ മന്ദിരത്തിലോ കർത്താവ് വസിക്കുമെന്ന് പുതിയ നിയമത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. സഭകളെക്കുറിച്ചല്ലാതെ പള്ളിക്കെട്ടിടങ്ങളെക്കുറിച്ചുള്ള പരാമർശം നന്നേ വിരളമാണ്. പൗലോസിന്റെ അതിഗംഭീരമായ ഒരു പ്രഭാഷണം നടന്നത് ഗോവാസിലെ ഒരു വീടിന്റെ മാളികപ്പുറത്തുവെച്ചായിരുന്നു എന്നും ഓർക്കുക (അപ്പോ.20:7).

നിശ്ചിത അളവുകളിൽ നിശ്ചിത വസ്ത്തുക്കൾകൊണ്ട് പണിയപ്പെടുന്ന മന്ദിരത്തെക്കുറിച്ചല്ല മനുഷ്യന്റെ കൂട്ടായ്മയെക്കുറിച്ചാണ് പുതിയനിയമം പറയുന്നത്. രണ്ടോ മൂന്നോ പേർ ഏകമനസ്സോടെ ഒരുമിച്ചുകൂടിയാൽ അവരുടെ നടുവിൽ ഞാനുണ്ടാകുമെന്നതാണ് യേശുവിന്റെ വാഗ്ദാനം (മത്തായി.18:20). ജയിലറയായാലും വഴിയമ്പലമായാലും കടൽത്താരമായാലും ഈ വാഗ്ദാനത്തിനു മാറ്റമില്ല. നാം ഏറ്റവും കുറച്ച് പരിഗണിക്കുന്നത് യേശുവിന്റെ വാക്കുകളാണ്. അതുകൊണ്ടാണ് അവനെ കൂടെയിരുത്താൻ പടുകൂറ്റൻ മന്ദിരങ്ങൾ ഉണ്ടാക്കുന്നത്. അവിടെ കൂട്ടായ്മ ഇല്ലാതാകുന്നതതുകൊണ്ടുതന്നെ. ക്രിസ്തു ആ കെട്ടിടങ്ങളുടെ അടുത്തുപോലും വരില്ലെന്നുറപ്പ്. ഒടുവിൽ അവയുടെ ഗിയും യെറുശലേം ദേവാലയത്തിന്റേതുതന്നെയാകുമോ?

മനുഷ്യർക്ക് മഴയും വെയിലും കൂടാതെ കൂടുവരാൻ ഒരു കെട്ടിടം വേണം. ഏറ്റവും കുറഞ്ഞ ചിലവിൽ അനാർഭാടമായി പണിയുന്ന കെട്ടിടം. ദാരിദ്ര്യത്തിന്റെ കരുത്തിൽ വാങ്ങിയും കൊടുത്തും പങ്കിട്ടും വളരുന്ന ഒരു കൂട്ടായ്മയും. അപ്പോഴേ ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിയാൻ കഴിയു.

ഇക്കാലത്ത് ഒരുകോടി രൂപ സംഭരിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. മാസം 2500 രൂപ തികച്ചും ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന മിഷണറി പ്രവർത്തകരുണ്ട്. ഒരുനേരത്തെ ഭക്ഷണം കിട്ടാത്ത അഗതികളുണ്ട്. ഗുരുതരമായ രോഗങ്ങളിൽപ്പെട്ട് ചികിത്സിക്കാനാവാതെ വിഷമിക്കുന്നവരുമുണ്ട്. ഇവരുടെ നീട്ടിയ കരങ്ങളെ മറികടന്ന് സിമന്റും ഇഷ്ടികയും വാങ്ങാൻ നമുക്കെങ്ങനെ സാധിക്കുന്നു. ഇതുപറയുമ്പോൾ ഹഗ്ഗായി ഒന്നാം അദ്ധ്യായം നാലാം വാക്യം ഉദ്ധരിക്കാൻ പള്ളിപ്രമാണിമാർക്ക് ഒരു വിഷമവും ഉണ്ടാവില്ലെന്ന് എനിക്കറിയാം. അവരോടൊരു ചോദ്യം ചോദിക്കാതെ വയ്യ. ക്രിസ്ത്യാനി ജീവിക്കേണ്ടത് പഴയനിയമ ധാർമ്മികത അനുസരിച്ചാണോ, പുതിയനിയമ ധാർമ്മികത അനുസരിച്ചാണോ?

ക്രിസ്തുവിനു മുമ്പും ക്രൈസ്തവസഭ ഉണ്ടായിരുന്നുവോ? ഇനിയും രക്ഷനേടാൻ കാളകൂറ്റന്റെ മേദസുമായി യാഗപീഠങ്ങളെ സമീപിക്കേണ്ടിവരുമോ?

അതെന്തായാലും ഒരുകാര്യം എനിക്കുറപ്പുണ്ട്. ന്യായാധിപതിയായി തിരിച്ചുവരുന്ന യേശുക്രിസ്തു നിങ്ങളെത്ര പള്ളിക്കെട്ടിടങ്ങൾ പണിതു എന്ന ചോദ്യം ഉന്നയിക്കില്ല എന്നതുന്നെ. (മത്താ.25:34-35) യാഗത്തിലല്ല കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നു (മത്താ.12:6,7).

**MATRIMONIAL**

**Marriage Proposals are invited to an Orthodox Deacon, son of a priest and a member of a Cathedral church in central Travancore. Empliyeed persons are prefered. Send a message MARRIAGE to the mobile of his father. 9446389122**

**ദോഹയിൽനിന്നും അവധിക്കു വരുന്ന ഓർത്തഡോക്സ് യുവാവ് 29/165 സെ.മീ. ദൈവഭയമുള്ള മാതാപിതാക്കളിൽനിന്ന് ജോലി ഉള്ളതോ അല്ലാത്തതോ ആയ പെൺകുട്ടികളുടെ ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ : 9048666520, 9249402579**

# പൗരസ്ത്യ കാതോലിക്കാസ്ഥാനം ചരിത്രപരമായ വളർച്ചയുടെ ഭാഗം.... പേജ് 1-ൽനിന്ന്

അർബേലിൽ ശഹ്‌ലൂപ്പായുടെ പിൻഗാമിയായിരുന്നു ആഹോദബൂയി. അദ്ദേഹവും സെലൂഷ്യരുടെ നിർബന്ധത്തിനു വഴങ്ങി 291-നടുത്ത് അവരെ സന്ദർശിച്ചു. ഇദ്ദേഹം സെലൂഷ്യയിൽ ആദ്യം അഞ്ചു പട്ടക്കാരെയും, ഒരുകൊല്ലം കഴിഞ്ഞു മടങ്ങുന്നതിനു മുമ്പായി ഒരു ബിഷപ്പിനെയും അവരോധിച്ചു. പുതിയ ബിഷപ്പ് പണ്ഡിതനായ പാപ്പാ ആയിരുന്നു. സുറിയാനി ഭാഷയിലും പേർഷ്യൻ ഭാഷയിലും പാപ്പായ്ക്ക് പ്രാവിണ്യമുണ്ടായിരുന്നു എന്നു ബാർ എബ്രായ തന്നെ സമ്മതിക്കുന്നു. അദ്ദേഹം മെത്രാൻസ്ഥാനം പ്രാപിച്ചതു 291-ലെന്നാണ് യങ്ങു പറയുന്നത്. ഈ തീയതി എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്നില്ല. ഏതായാലും പേർഷ്യായുടെ തലസ്ഥാനമായ സെലൂഷ്യായിൽ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടടുത്ത് ഒരു ബിഷപ്പ് അവരോധിതനായി."

പാപ്പാ എന്നത് ഈ ബിഷപ്പിന്റെ പേരായിരുന്നു. സ്ഥാനനാമമല്ല. പാപ്പായെക്കുറിച്ച് ബാർ എബ്രായ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. "പാപ്പായുടെ ജന്മസ്ഥലം പേർഷ്യ ആയിരുന്നു. അദ്ദേഹത്തിന് സുറിയാനിയും പേർഷ്യൻ ഭാഷയും നന്നായി അറിയാമായിരുന്നു. തെരഞ്ഞെടുപ്പ് സമയത്ത് മെത്രാന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായെങ്കിലും അദ്ദേഹത്തെ അനുകൂലിച്ചവർക്കായിരുന്നു മുൻതൂക്കം."

ഈ കഴിഞ്ഞ കാതോലിക്കാദിനത്തോടനുബന്ധിച്ചു സഭാകേന്ദ്രത്തിൽനിന്നും പ്രസിദ്ധീകരിച്ച ലഘുലേഖയിൽ കാതോലിക്കേറ്റ് ചിന്തകൾ എന്ന പേരിൽ ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ ഒരു കുറിപ്പ് എഴുതിയിട്ടുണ്ട്. സഭയുടെ പല ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിലും ഏപ്രിൽ മാസത്തിൽ അത് ലേഖനമായി ചേർത്തിരുന്നു. അതിൽ കാതോലിക്കേറ്റിനെക്കുറിച്ച് വസ്തുതാപരമായ പല തെറ്റുകളും കടന്നുകൂടിയിട്ടുണ്ട് എന്ന് പറയാതെ വയ്യ. ഒരുഭാഗം ശ്രദ്ധിക്കുക എഡേസ്സായിൽനിന്ന് വന്ന സുറിയാനി സുവിശേഷകരുടെ സ്വാധീനത്തെ ഒഴിവാക്കി മൂന്നാം നൂറ്റാണ്ടിൽതന്നെ പേർഷ്യൻ സഭ അതിന്റെ ദേശീയ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത് പാപ്പാ എന്ന പേരിൽ അറിയപ്പെട്ട് പിന്നീട് കാതോലിക്കോസ് എന്ന ഗ്രീക്ക് സംജ്ഞയിൽക്കൂടി സ്ഥാപിക്കപ്പെട്ട സർവ്വസ്വതന്ത്രമായ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തിലൂടെയാണ്. ഇത് തെറ്റായ പ്രസ്താവനയാണ്. പാപ്പാ എന്നത് വിളിപ്പേരാണ്, സ്ഥാനനാമമല്ല. പാപ്പാ ആദ്യം നിയമിതനായത് കാതോലിക്കാ ആയിട്ടല്ല. ബിഷപ്പായിട്ടാണ്. പിന്നീട് പാപ്പാ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തേക്ക് വരികയായിരുന്നു. വി.സി.ശമുവേലച്ചൻ എഴുതിയിട്ടുള്ളത് ശ്രദ്ധിച്ചുവായിക്കുന്നവർക്ക് അത് മനസ്സിലാകും. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ സെലൂഷ്യയിൽ സ്ഥിരമായി ഒരു ബിഷപ്പായി എന്നു മാത്രമേ പറയാൻ സാധിക്കുകയുള്ളു. അത് എ.ഡി.290നും 300നും ഇടയിൽ സംഭവിച്ചു. ആർച്ച് ബിഷപ്പ് പാപ്പാ ആയിരുന്നു അദ്ദേഹം. പേർഷ്യയിലെ ആകമാന സഭയുടെ നേതൃത്വം അവകാശപ്പെട്ട് സമ്മർദ്ധമായി കയ്യടക്കിയതാണ് പിൽക്കാലത്ത് കാതോലിക്കാ സ്ഥാനമാകുന്നത്. പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനത്തെ ബിഷപ്പായിരുന്ന പാപ്പാ പണ്ഡിതനും സമർത്ഥനും ആയിരുന്നു എന്നതിനും സംശയമില്ല.

### റോമാസാമ്രാജ്യത്തിലെ വളർച്ച പാപ്പായെ സ്വാധീനിച്ചു

ഇക്കാലഘട്ടത്തിലെ ചരിത്രം പരിശോധിക്കുമ്പോൾ സഭാഭരണപരമായി വളരെ പ്രധാനപ്പെട്ട ഒരു മാറ്റം അഥവാ വളർച്ച അല്ലെങ്കിൽ പുരോഗതി ഉണ്ടായതായി കാണാം. റോമാസാമ്രാജ്യത്തിലെ പുരാതനവും പ്രധാനപ്പെട്ടതുമായ പട്ടണങ്ങളിലെ ബിഷപ്പന്മാർ അവർക്കു ചുറ്റുമുള്ള പ്രദേശങ്ങളിലെ സഭകളുടെ ഭരണംകൂടി അവകാശപ്പെടുകയോ അവർക്കു ലഭിക്കുകയോ ചെയ്ത ഒരു കാലഘട്ടമായിരുന്നു അത്. അതിന്റെ ഒരു പരിസമാപ്തി നിഖ്യാസുന്നഹദോസിൽ കാണാം. നിഖ്യാസുന്നഹദോസ് റോം, അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നീ പ്രധാന പട്ടണങ്ങളിലെ ബിഷപ്പന്മാർക്ക് മറ്റു ബിഷപ്പന്മാരിലുപരി സ്ഥാനവും അധികാരവും നൽകി (അതാണ് പിന്നീട് പാത്രിയർക്കാ സ്ഥാനമായി വളർന്നത്) റോമ്മാസാമ്രാജ്യത്തിലെ പ്രധാന പട്ടണങ്ങളിലെ ബിഷപ്പന്മാർ ചുറ്റുമുള്ള പ്രദേശങ്ങളിൽ തങ്ങളുടെ അധികാരം സ്ഥാപിച്ചുവന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇത് പേർഷ്യയുടെ തലസ്ഥാനമായ സെലൂഷ്യായിൽ സഭാഭരണമേറ്റ സമർത്ഥനായ പാപ്പായ്ക്ക് പേർഷ്യൻ സാമ്രാജ്യത്തിലെ സഭ മുഴുവൻമേലും ആധിപത്യം സ്ഥാപിക്കാൻ ഒരു പ്രചോദനമായിരുന്നു.

### പേർഷ്യയിലെ രാഷ്ട്രീയസ്ഥിതി പ്രോത്സാഹനം നൽകി

അതോടൊപ്പം പേർഷ്യൻ സാമ്രാജ്യത്തിൽ രാഷ്ട്രീയമായി ഒരു മാറ്റമുണ്ടായി. അതും പാപ്പായ്ക്ക് അനുകൂലമായി. എ.ഡി.226 മുതൽ പേർഷ്യയിൽ സസ്സാനിയൻ ചക്രവർത്തിമാർ അധികാരമേറ്റു. ആദ്യത്തെ ഭരണാധികാരിയായ ആർദുഷീർ (226-241) സൂര്യദേവനെ ആരാധിക്കുന്ന ആളായിരുന്നു. പേർഷ്യയിലെ പുരാതന മതത്തെ സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായി അദ്ദേഹം പ്രഖ്യാപിച്ചു. അതോടൊപ്പം ക്രിസ്തുമതത്തിന് രണ്ടാംസ്ഥാനം നൽകി പേർഷ്യൻ സാമ്രാജ്യത്തിലെ അംഗീകരിക്കപ്പെട്ട ഒരു മതമായി പ്രഖ്യാപിച്ചു. ഇതോടെ

(ശേഷം പേജ് 7-ൽ)

## പാപ്പായെക്കുറിച്ച് ബാർ എബ്രായ രേഖപ്പെടുത്തിയിരിക്കുന്നത്

പാപ്പായുടെ ജന്മസ്ഥലം പേർഷ്യ ആയിരുന്നു. അദ്ദേഹത്തിന് സുറിയാനിയും പേർഷ്യൻ ഭാഷയും നന്നായി അറിയാമായിരുന്നു. തെരഞ്ഞെടുപ്പ് സമയത്ത് മെത്രാന്മാരുടെ ഇടയിൽ അഭിപ്രായ വ്യത്യാസം ഉണ്ടായെങ്കിലും അദ്ദേഹത്തെ അനുകൂലിച്ചവർക്കായിരുന്നു മുൻതൂക്കം.......

.........നിഖ്യാസുന്നഹദോസിനു ശേഷം ഒമ്പതുവർഷം കഴിഞ്ഞ് പൗരസ്ത്യ മെത്രാന്മാർ ഒന്നിച്ചുകൂടുകയും അശ്രദ്ധമൂലം സഭാകാര്യങ്ങളിൽ കടന്നുകൂടിയ നിരവധി പ്രശ്നങ്ങൾ നിമിത്തം പാപ്പായ്ക്കെതിരെ ശണ്ഠകൂടുകയും പല കുറ്റങ്ങളും പാപ്പായുടെ മേൽ ആരോപിക്കുകയും ചെയ്തു. തനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് തൃപ്തികരമാം വിധം മറുപടി പറഞ്ഞ് അവരെ ബോധ്യപ്പെടുത്താൻ കഴിയാതെ വന്നപ്പോൾ പാപ്പാ തനിക്കുനേരെ പീഠത്തിൽ വച്ചിരുന്ന ആരാധ്യമായ സുവിശേഷഗ്രന്ഥത്തെ കൈനീട്ടി ഇടിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: നിനക്കു സംസാരിക്കുവാൻ കഴിവുണ്ടെങ്കിൽ നീ സംസാരിക്കുക. എനിക്കു സംസാരിക്കുവാനുള്ള ആത്മധൈര്യം നഷ്ടപ്പെട്ടിരിക്കുന്നു - ആ നിമിഷം അദ്ദേഹത്തിന്റെ വലതുകൈ തളർന്നുപോയി. തങ്ങളുടെ ആരോപണത്തിനു തെളിവായി ഇതിനെ കരുതിയ മെത്രാന്മാർ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി എന്നു ചിലർ പറയുന്നു. ദൈവം കൊടുത്ത ശിക്ഷ മതി എന്നു പറഞ്ഞുകൊണ്ട് മെത്രാന്മാർ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിയില്ല എന്ന് മറ്റു ചിലർ പറയുന്നു. അദ്ദേഹത്തിനെതിരായി പ്രവർത്തിച്ച മെത്രാന്മാരെ കുറ്റപ്പെടുത്തിക്കൊണ്ടും പാപ്പായെ സമാശ്വസിപ്പിച്ചുകൊണ്ടും കൈതളർന്ന അവസരത്തിൽ നിസിബിസിലെ മാർ യാക്കോബും മാർ അപ്രേമും അദ്ദേഹത്തിനു കത്തയക്കുകയുണ്ടായി. യൗസേപ്പ് കാതോലിക്കായെ മെത്രാന്മാർ കുറ്റപ്പെടുത്തിയപ്പോൾ അദ്ദേഹം മേൽപ്പറഞ്ഞ കത്ത് എഴുതിയുണ്ടാക്കി എന്ന് മറ്റുചിലർ അഭിപ്രായപ്പെടുന്നു. ഈ ശിക്ഷ കഴിഞ്ഞതിന്റെ അടുത്തവർഷം പ്രായാധിക്യത്തിൽ എത്തി പാപ്പാ മരിച്ചു.

## പാശ്ചാത്യപിതാക്കന്മാരുടെ കത്തുകൾ

സെലൂഷ്യയിലെ മെത്രാന്മാരെ വാഴിക്കുന്നത് സംബന്ധിച്ചും അവരുടെ പിന്തുടർച്ച സംബന്ധിച്ചും പല അവസരങ്ങളിലും പാശ്ചാത്യപിതാക്കന്മാർ കത്തുകളെഴുതിയിട്ടുണ്ട്. പാപ്പാ എന്ന സെലൂഷ്യൻ മെത്രാനെ പേർഷ്യയിൽ ചില മെത്രാന്മാരും പുരോഹിതന്മാരും എതിർക്കുകയും കുറ്റപ്പെടുത്തുകയും നീക്കുകയും ചെയ്തപ്പോൾ പാശ്ചാത്യപിതാക്കന്മാർ കത്തുകളെഴുതിയിട്ടുണ്ട്. അങ്ങനെ എഴുതിയിട്ടുള്ള ചില കത്തുകൾ ഉദ്ധരിക്കുന്നു.

നമ്മുടെ ആത്മീയപിതാക്കന്മാർ പറഞ്ഞിരിക്കുന്നു അതായത് പൗരസ്ത്യ പാത്രിയർക്കീസിന്റെ വിധിതീർപ്പ് നമ്മുടെ പാത്രിയർക്കീസന്മാർക്ക് റിസർവ്വ് ചെയ്യപ്പെട്ടിരിക്കുന്നു. പാത്രിയർക്കീസിൽ കുറ്റാരോപണം നടത്തിയവരുടെ സത്യവാങ്മൂലം അസത്യമാണെന്നും ആരോപിക്കപ്പെട്ട കുറ്റങ്ങളിൽനിന്ന് പാത്രിയർക്കീസ് പൂർണ്ണമായി വിമുക്തനാണെന്നും കൃത്യമായ അന്വേഷണത്തിൽനിന്നു തെളിഞ്ഞു. ദൈവത്തിന്റെ സജീവ വചനത്തിന്റെ ശക്തിയിൽ ഞങ്ങൾ ഇപ്രകാരം നിശ്ചയിക്കുന്നു. മേൽ പൗരസ്ത്യദേശത്തെ മെത്രാപ്പോലീത്താമാർക്കോ മെത്രാന്മാർക്കോ മറ്റു ക്രിസ്ത്യാനികൾക്കോ തങ്ങളുടെ പാത്രിയർക്കീസിനെതിരെ ആരോപണങ്ങളോ പരാതികളോ ഉന്നയിക്കാനും, നമ്മുടെ പാശ്ചാത്യപാത്രിയർക്കീസുമാരെ വാക്കാലോ എഴുത്താലോ അവ അറിയിക്കാനും അവകാശമില്ലാത്തതാണ്. ഇനിയും ആരെങ്കിലും ഇതുവരെ ചെയ്തതുപോലെ എതിർത്തു പറയുകയാണെങ്കിൽ അവരോട് ഞങ്ങൾ അങ്ങനെ മറുപടി പറയുന്നു. പാത്രിയർക്കീസാണ് പൗരസ്ത്യദേശത്തെ എല്ലാ ക്രിസ്ത്യാനികളുടെയും വിധികർത്താവ്. ആ പാത്രിയർക്കീസിന്റെ വിധികർത്താവാകട്ടെ, മിശിഹായും.

വേറൊരു കത്ത് ദാദീശോ പാത്രിയർക്കീസ് ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്

നമ്മുടെ പിതാക്കന്മാരുടെ പക്കൽ തങ്ങളുടെ പാത്രിയർക്കീസിനെതിരായി വിധിന്യായം നടത്തുവാൻ പൗരസ്ത്യദേശത്തെ മെത്രാപ്പോലീത്താമാർക്കോ മെത്രാന്മാർക്കോ ക്രിസ്തീയസമൂഹത്തിനോ പാടില്ലെന്ന് നമ്മുടെ പാശ്ചാത്യപിതാക്കന്മാർ എഴുതിയതായി നാം പറയുന്നു. പൗരസ്ത്യരുടെ എല്ലാം വിധിയാളനാണ് പാത്രിയർക്കീസ്. അദ്ദേഹത്തിന്റെ വിധിയാളൻ മിശിഹായും. അതുകൊണ്ട് ഈ കാനോനോ ഒരിക്കലും മാറ്റരുതെന്നും നിന്നുപോകരുതെന്നും നാം അംഗീകരിച്ചുറപ്പിക്കുന്നു. ത്രിത്വത്തിലാണ് ഇത് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ട് കാതോലിക്കോസിനെതിരായി സുന്നഹദോസ് വിളിച്ചുകൂട്ടാനോ കലഹമോ, ഭിന്നതയോ ഗ്രൂപ്പോ ഉണ്ടാക്കാനോ പണ്ടുള്ളവർ ചെയ്തതുപോലെ കുറ്റപത്രം എഴുതാനോ ആരോപണം ഉന്നയിക്കാനോ, ഇങ്ങനെയുള്ള കാര്യങ്ങളടങ്ങിയ ലഘുലേഘകൾ പ്രൊവിൻസുകളിൽ പ്രചരിപ്പിക്കാനോ അദ്ദേഹത്തിനെതിരെ സംസാരിക്കാൻ വീടുകളിൽ നുഴഞ്ഞുകയറാനോ പാടില്ല എന്ന് യുഗങ്ങളുടെ നാഥനായ ത്രിത്വത്തിന്റെ വാക്കിൽ ഞങ്ങൾ കല്പിക്കുന്നു. പൗരസ്ത്യ കാതോലിക്കോസ് അദ്ദേഹത്തിന്റെ കീഴുള്ളവരാൽ വിധിക്കപ്പെടാൻ സാധ്യമാണെന്ന് ആരെങ്കിലും ഏതെങ്കിലും കാരണത്താൽ പറയുകയോ ചിന്തിക്കുകയോ അരുത്. കാരണം അദ്ദേഹത്തിന്റെ വിധി അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും തന്റെ സഭയിൽ നിയമിക്കുകയും ചെയ്ത മിശിഹായ്ക്കുള്ളതാകുന്നു.

## ശെമഓൻ ബർസാബെ കാതോലിക്കായെക്കുറിച്ച് ബാർ എബ്രായ

പാപ്പായിൽനിന്നകന്നു മാറിയ മെത്രാന്മാർ അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ ശെമഓനെ വാഴിച്ചു എന്നു പറയപ്പെടുന്നു. ശെമഓൻ നീതിമാനും മാന്യനും ദരിദ്രനോട് അനുകമ്പയുള്ളവനും തീർത്ഥകരോട് സ്നേഹമുള്ളവനുമായിരുന്നു. സെബദിപുത്രനും സുവിശേഷകനുമായ യോഹന്നാന്റെ ശിഷ്യനായ അഗ്നിമയൻ ഇഗ്നാത്തിയോസിന്റെ കാലത്ത് പടിഞ്ഞാറു നടപ്പിലാക്കിയതുപോലെ, പ്രാർത്ഥനകൾ രണ്ടു ഗണമായി ചൊല്ലുന്ന രീതി പൗരസ്ത്യ പള്ളികളിൽ തുടങ്ങിയത് അദ്ദേഹമാണ്. വൈദികവൃന്ദം പുസ്തകത്തിൽനിന്നല്ല, മനപാഠമായി, യാമനമസ്ക്കാരത്തിലുള്ള ദാവീദിന്റെ സങ്കീർത്തനങ്ങൾ ആലപിക്കണമെന്ന് അദ്ദേഹം കല്പിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ഹൊർമിസ്ദായുടെ പുത്രനായ ഷപ്പൂർ എന്ന പേർഷ്യൻ രാജാവ് ക്രിസ്ത്യാനികൾക്കെതിരെ കടുത്ത മതപീഢനം അഴിച്ചുവിട്ടു. കാതോലിക്കായും അദ്ദേഹത്തോടൊപ്പം നാലു മെത്രാന്മാരും 99 വൈദികരും ഡീക്കന്മാരും വിശ്വാസികളും പിടിക്കപ്പെടുകയും ഒരുമിച്ച് കാരാഗൃഹത്തിൽ അടക്കപ്പെടുകയും ചെയ്തു. അവർ വിശ്വാസത്തിൽനിന്ന് അണുവിട വ്യതിചലിക്കാതിരുന്നതിനാൽ പേർഷ്യക്കാർ അവരെ കുരിശിൽ തറച്ച് പീഡിപ്പിച്ചു. കാതോലിക്കായുടെ മുമ്പിൽവച്ച് അവരെയെല്ലാം കൊല്ലുവാനും അവസാനമായി അദ്ദേഹത്തെ കൊല്ലുവാനും ഷപ്പൂർ കല്പിച്ചു. മാംസദാഹികൾ അവരെ കൊല്ലാൻ തുടങ്ങിയപ്പോൾ രക്തസാക്ഷിമകുടത്തിന് അർഹരാണെന്നു കാണിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ ഈ പരിശുദ്ധ മനുഷ്യൻ ഓരോരുത്തരുടെയും നെറുകിൽ ചുംബിക്കുകയും അവരെ ശക്തിപ്പെടുത്തുകയും മനസ്സിന് ധൈര്യം പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം എല്ലാവർക്കും പിന്നാലെ ഹേവോറേ വെള്ളിയാഴ്ച അദ്ദേഹവും കൊല്ലപ്പെട്ടു. അതുകൊണ്ട് ആ വെള്ളിയാഴ്ച രക്തസാക്ഷികളുടെ വെള്ളിയാഴ്ച എന്നു വിളിക്കപ്പെടുന്നു. ശെമഓൻ പതിമൂന്നുകൊല്ലം സഭാശുശ്രൂഷ നിർവ്വഹിച്ച് രക്തസാക്ഷിമകുടത്തിന് അർഹനാണെന്ന് തെളിയിച്ചു.

# ഓർത്തഡോക്സുകാർ രക്ഷിക്കപ്പെട്ടവരാണോ?

ഫാ.യൂഹാനോൻ തിരുവനന്തപുരം

അപ്പോസ്തോല പ്രവർത്തനത്തിൽ പറയുന്നു കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും (അപ്പോ.30,31). പൗലോസിന്റെ ലേഖനത്തിനും (1കൊരി.4,5,6) വിശ്വാസംവഴി രക്ഷപ്രാപിക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് രക്ഷ പ്രാപിക്കാൻ കൂദാശകളും കൽപനാനുസരണവും പ്രവർത്തികളും ആവശ്യമില്ലേ?

**എന്താണ് രക്ഷ?**

രക്ഷ ദൈവദാനമാണ്. ദൈവം അതു തനിക്കിഷ്ടപ്പെട്ടവർക്ക് നൽകുന്നു. തീർച്ചയായും മനുഷ്യന്റെ പ്രവർത്തികൾ പരിഗണിക്കും. ഹൃദയങ്ങളെ പരിശോധിച്ച് രക്ഷ നൽകുന്ന അവിടുത്തെ മനസ്സറിഞ്ഞവരാരുണ്ട്? നമ്മുടെ പ്രവർത്തികൾ വഴിയോ മറ്റോ നമുക്കു രക്ഷിക്കപ്പെട്ടു എന്നവകാശപ്പെടാൻ കഴിയില്ല. വിനീതഹൃദയരായി ആ ദാനം പ്രാപിക്കാൻ പ്രാർത്ഥിക്കുകയും സത്കർമ്മാനുഷ്ഠാനത്തിലൂടെ യഥാർത്ഥ ക്രിസ്തീയ ജീവിതം നയിച്ച് രക്ഷയ്ക്കായി ഒരുങ്ങുകയും വേണം.

രക്ഷ പ്രാപിക്കുക എന്ന വാക്കിന് അപകങ്ങളിൽനിന്നുള്ള ശാരീരിക രക്ഷ, ജീവരക്ഷ എന്നീ അർത്ഥങ്ങളുണ്ട്. മത്തായി 8:25-ൽ രക്ഷിക്കണേ കർത്താവേ ഞങ്ങളിതാ നശിക്കുന്നു എന്നു ശിഷ്യന്മാർ പറയുമ്പോൾ അതിനർത്ഥം ഈ ശാരീരക രക്ഷയാണ്. ആത്മീയാർത്ഥത്തിൽ പാപത്തിൽനിന്നുള്ള പൊറുതിക്ക് രക്ഷയെന്നു പറയാം. പൗലോസ് അപ്പോസ്തോലൻ ഇതിന് നീതികരണമെന്ന പദമാണുപയോഗിക്കുക. രക്ഷയെന്ന പദം ആത്യന്തിക രക്ഷയെപ്പറ്റിയും മനസ്സിലാക്കാം. അതായത് പാപത്തിന്റെയും മരണത്തിന്റെയും നാശത്തിന്റെയും പിടിൽനിന്ന് നിത്യമായും രക്ഷപെട്ട് നിത്യജീവൻ പ്രാപിച്ചു എന്നർത്ഥം. പിന്നെയൊരിക്കലും നാശത്തിൽ വീഴാൻ സാധ്യതയില്ല.

പെന്തക്കോസ്തുകാർ ഒരു വ്യക്തിയെ കണ്ടുമുട്ടിയാലുള്ള ആദ്യചോദ്യം രക്ഷിക്കപ്പെട്ടോ എന്നാണ്. അവർ രക്ഷിക്കപ്പെട്ടതിന്റെ തീയതിയും ദിവസവും സമയവും കൃത്യമായി പറയും. വിശ്വാസസ്നാനം സ്വീകരിക്കുന്ന സമയമാണിത്. ജീവിച്ചിരിക്കുമ്പോൾ രക്ഷപ്രാപിച്ചു എന്നവകാശപ്പെടുന്ന പെന്തക്കോസ്തുകാർ പാപത്തിൽ വീഴില്ലേ? അതിനാൽ ജീവിച്ചിരിക്കുമ്പോൾ നാശത്തിൽ വീഴാനുള്ള സാധ്യതകൾ ഏറെയുണ്ട്. കാരണം ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്. ആത്മാവിന്റെ അഭിലാഷങ്ങൾ ജഡത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നതു നിമിത്തം ആഗ്രഹിക്കുന്നതു പ്രവർത്തിക്കാൻ സാധിക്കാതെ വരുന്നു (ഗലാ.5:17). ഈ ജഡമോഹങ്ങൾ ഏവയെന്ന് തുടർന്നു പറയുന്നു. നന്മ ഇച്ഛിക്കാൻ എനിക്ക് സാധിക്കും. എന്നാൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഇച്ഛിക്കുന്ന നന്മയല്ല, ഇച്ഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത് (റോമാ 7:18-19). എന്റെ അവയവങ്ങളിലാകട്ടെ, എന്റെ മനസ്സിന്റെ നിയമത്തോടു പോരാടുന്ന വേറൊരു നിയമം ഞാൻ കാണുന്നു. അത് എന്റെ അവയവങ്ങളിലുള്ള പാപത്തിന്റെ നിയമത്തിനു എന്നെ അടിമപ്പെടുത്തുന്നു. ഞാൻ ദുർഭഗനായ മനുഷ്യൻ (റോമ 7:23). ഇപ്രകാരം ഓരോരുത്തനിലും രക്ഷയ്ക്കെതിരായ പ്രവർത്തികൾ കാണുന്നുണ്ട്.

വിശ്വാസികളെ രക്ഷയുടെ മാർഗ്ഗത്തിൽ നിന്നകറ്റിക്കളയുന്ന വ്യാജോപദേഷ്ടാക്കൾ വിശ്വാസികളുടെ ഇടയിൽ ഉണ്ടാകാം. പത്രോസ് ശ്ലീഹാ പറയുന്നു അവർ വിനാശകരമായ അഭിപ്രായങ്ങൾ രഹസ്യത്തിൽ പഠിപ്പിക്കുകയും തങ്ങൾ വിലകൊടുത്തുവാങ്ങിയ നാഥനെപ്പോലും നിഷേധിക്കുകയും ചെയ്യും. പലരും അവരുടെ ദുഷിച്ച മാർഗ്ഗത്തെ അനുഗമിക്കും (2പത്രോ.2:2). യൂദാസ് ശ്ലീഹായുടെ വാക്കുകൾ ചില ദുഷ്ടമനുഷ്യർ നിങ്ങളുടെയിടിൽ കയറിക്കൂടിയിട്ടുണ്ട് (യൂദാ 1:4) ഇതുതന്നെയല്ലേ വ്യക്തമാക്കുക. യേശുനാഥൻ ഇതു മുൻകൂട്ടി പറഞ്ഞിട്ടുള്ളതാണ്. കള്ളക്രിസ്തുമാരും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെടും. സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെ വഴിതെറ്റിക്കുന്നതിന് അവർ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കും (മർക്കോ.13:22). മാത്രമല്ല ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണം എന്നു വിചാരിച്ച് ചുറ്റിനടക്കുന്നു (1പത്രോ.5:8). ഇപ്രകാരം ബാഹ്യശത്രുക്കൾ ഒരുഭാഗത്ത്, മറുഭാഗത്ത് ആന്തരിക ശക്തികളും. ഇവയുടെ മദ്ധ്യത്തിലാണ് വിശ്വാസി ജീവിക്കുക. ഇത്തരം തിന്മകളിൽ വ്യാപരിക്കുന്നവർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ലെന്നാണ് വി.ലിഖിതങ്ങൾ (ഗലാ.5:22, 1കൊറി.6:10) പറയുന്നത്. ഇതാ ഞാൻ വേഗം വരുന്നു. എന്റെ സമ്മാനവും ഞാൻ കൊണ്ടുവരുന്നുണ്ട്. ഓരോരുത്തർക്കും സ്വന്തം പ്രവര്ധത്തികൾക്കനുസൃതം പ്രതിഫലം നൽകാനാണ് ഞാൻ വരുന്നത് (വെളി.22:7-13). അങ്ങനെ വെളിപാടു പുസ്തകത്തിലുടനീളം പ്രവർത്തികളെ വിധിക്കുന്നു. പ്രവർത്തികൾക്കനുസൃതം പ്രതിഫലം നൽകുന്ന കർത്താവിനെയാണ് കാണുക. വിശ്വാസം മാത്രം പരിഗണിക്കുന്നവനല്ല.

അതുകൊണ്ട് ഇനി വിശ്വാസവും കൂദാശകളും മറ്റും ആവശ്യമില്ല, പ്രവർത്തി മാത്രം മതി എന്നല്ല. എന്താണു വേണ്ടതെന്നു യാക്കോബ് ശ്ലീഹാ പറയുന്നുണ്ട്. ക്രിസ്തുവിന്റെ ആദ്യകാല ശിഷ്യനും ക്രിസ്തുവിന്റെ കൂടെ എല്ലായ്പ്പോഴും ഉണ്ടായിരുന്ന മൂവരിൽ ഒരുവനുമാണല്ലോ യാക്കോബ്ശ്ലീഹാ. അദ്ദേഹം പഠിപ്പിക്കുന്നതെന്തെന്നു നോക്കാം. വചനം പാലിക്കണം (യാക്കോ.1:19-27) എന്ന ഉപദേശവും പക്ഷപാതപരമായി പ്രവർത്തിക്കരുതെന്ന (2:1-13) നിർദ്ദേശവും നൽകിയശേഷം വിശ്വാസത്തെക്കുറിച്ചും പ്രവർത്തിയെക്കുറിച്ചും വ്യക്തമായി പഠിപ്പിക്കുന്നു.

എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവർത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്. ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ, ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്ക് കൊടുക്കാതെ സമാധാനത്തിൽ പോവുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവർത്തികൾ കൂടാതെയുള്ള നിന്റെ വിശ്വാസം എന്നെ കാണിക്കുക. ഞാൻ എന്റെ പ്രവർത്തികൾ വഴി എന്റെ വിശ്വാസം നിന്നെ കാണിക്കാം. ദൈവം ഏകനാണെന്നു നീ വിശ്വസിക്കുന്നു. അതു നല്ലതുതന്നെ. പിശാചുക്കളും അങ്ങനെ വിശ്വസിക്കുന്നു. അവർ ഭയന്നു വിറയ്ക്കുകയും ചെയ്യുന്നു. മൂഢനായ മനുഷ്യാ പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം ഫലരഹിതമാണെന്നു നിനക്കു തെളിയിച്ചുതരേണ്ടതുണ്ടോ. നമ്മുടെ പിതാവായ അബ്രഹാം നീതികരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിച്ചതുവഴിയല്ലേ. അവന്റെ വിശ്വാസം അവന്റെ പ്രവർത്തികളെ സഹായിച്ചുവെന്നും വിശ്വാസം പ്രവർത്തികളാൽ പൂർണ്ണമാക്കപ്പെട്ടു എന്നും നിങ്ങൾ അറിയുന്നുവല്ലോ. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി പരിഗണിക്കപ്പെട്ടുവെന്ന് തിരുവെഴുത്തു നിറവേറി. അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല പ്രവർത്തികളാലുമാണ് നീതീകരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു. റാഹാബ് എന്ന വേശ്യ ദൗത്യവാഹകരെ സ്വീകരിക്കുകയും അവരെ മറ്റൊരു വഴിക്ക് പുറത്താക്കുകയും ചെയ്ത പ്രവർത്തി മൂലമല്ലേ നീതീകരിക്കപ്പെട്ടത്. ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവർത്തികൂടാതെയുള്ള വിശ്വാസവും മൃതമാണ് (യാക്കോ.2:14-26).

(തുടരും)

മനഃശാസ്ത്ര പംക്തി

# മാതാപിതാക്കൾ അറിയാൻ

ഫാ.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

## മാനസീക സംഘർഷങ്ങൾക്കു പരിഹാരം എസ്ക്യു

ആധുനീക ചെറുപ്പക്കാർക്കുണ്ടാവുന്ന ഒട്ടുമിക്ക മാനസീക സംഘർഷങ്ങൾക്കും എസ്ക്യൂ വളരുന്നതോടെ താഴെപറയുന്ന വ്യത്യാസം ഉണ്ടാവുന്നു.

സ്വയം അറിയാം: സ്വയം മനസിലാക്കാനും അന്യനെ മനസിലാക്കാനും തുനിയുന്നതോടെ ഒട്ടനവധി മാനസീക പ്രശ്നങ്ങളിൽനിന്നും ആദ്യമേ രക്ഷപെടാം. ഇതിനു സമഭാവന അഥവാ സ്പരിച്വൽ കോഷ്യന്റ് ഏറെ സഹായിക്കുന്നു.

ലഹരികളിൽനിന്നുള്ള മോചനം: പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ കഴിയാതെ വരുമ്പോഴാണു പലരും ലഹരികളുടെ വഴിയിലേക്കു പോകുന്നത്. എസ്ക്യു കൂടിയ ഒരാളിൽ ഒറ്റപ്പെട്ടു എന്ന തോന്നൽ ഉണ്ടാകില്ല. എപ്പോഴും സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കും. അതോടൊപ്പം അന്യരുടെ ദു:ഖങ്ങൾ പരിഹരിക്കാൻ അയാൾ തയ്യാറാകും.

സമൂഹത്തിന്റെ പിന്തുണ: അയാൾ നല്ല മനുഷ്യനാ .മറ്റുള്ളവരെ സഹായിക്കുന്നവരെക്കുറിച്ച് പലരും ഇങ്ങനെ പറയുന്നത് കേട്ടിട്ടില്ലേ ഇങ്ങനെ ലഭിക്കുന്ന പിന്തുണ സ്വന്തം വ്യക്തിത്വത്തിൽതന്നെ മാറ്റങ്ങൾ വരുത്തും. ഒറ്റയ്ക്കല്ല ഒരുപാട് പേരുണ്ട് എന്ന തോന്നൽ ഉണ്ടാക്കും.

അത്മാഭിമാനം ഉള്ളവരാകും: സ്പിരിച്വൽ കോഷ്യന്റ് കൂടിയ വ്യക്തികൾ ആത്മാഭിമാനം കൂടിയവരായിരിക്കും. അവർ മൂല്യങ്ങളെ മുറുകെ പിടിക്കും. തെറ്റുകളിലേക്കു പോവുന്നതിൽനിന്നു സ്വയം രക്ഷിക്കും. കുറ്റവാളികളിൽ പൊതുവേ എസ്ക്യുവിന്റെ തോത് കുറവായിരിക്കും.

മാനസീക പിരിമുറുക്കം: മാസസീക പിരിമുറുക്കം ഡിപ്രഷനിലേക്കു വഴിതുറക്കും. ഒറ്റയ്ക്കായി പോവുന്നു എന്ന തോന്നൽ ഡിപ്രഷനെ വലുതാക്കും. എന്നാൽ ഐക്യുവിനും ഇക്യുവിനുമൊപ്പം എസ്ക്യുവും കൂടി വളർന്നാൽ ഡിപ്രഷൻ നിങ്ങളെ ബാധിക്കുകയേയില്ല.

## കുട്ടികളിൽ എസ്ക്യു വളർത്താം

ഐക്യുവും ഇക്യുവും മാത്രമുള്ള കുട്ടികൾ ജീവിതത്തിൽ വിജയം കൊയ്യും എന്നാണ് പുതിയ സമൂഹത്തിന്റെ കരുതൽ. എന്നാൽ, ജീവിതവിജയത്തിന് എസ്ക്യുവും കൂടി ആവശ്യമാണ്.

കുട്ടിക്കാലം മുതൽക്കേ സ്പിരിച്വൽ കോഷ്യന്റ് വളർത്തുവാനുള്ള ശ്രമങ്ങൾ തുടങ്ങണം. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ ലഭിക്കുന്ന ആനന്ദം അവരെ അനുഭവിപ്പിക്കണം.

അവൻ മറ്റുള്ളവർക്കായി ചെയ്ത സഹായങ്ങൾ വീട്ടിൽവന്നു പറയുകയാണെങ്കിൽ മനസു തുറന്ന് അഭിനന്ദിക്കാനും മടിക്കരുത്.

സ്വന്തം ഗുണത്തിനായി മാത്രം പ്രവർത്തിക്കണം എന്ന ബോധം കുട്ടിക്കാലം മുതലേ വളർത്താതിരിക്കുക. മറ്റുള്ളവരെ ഉപദ്രവിക്കുന്ന ചെറിയ കാര്യങ്ങളിൽനിന്ന് കുട്ടികളെ പിന്തിരിപ്പിക്കണം. വളർത്തു മൃഗങ്ങളെ ഉപദ്രവിക്കുമ്പോൾ പോലും അവയ്ക്കും ജീവനുണ്ടെന്നും അതിന് വേദനിക്കുമെന്നും കുട്ടിയെ ബോധ്യപ്പെടുത്തുക. സഹജീവികളോട് സ്നേഹവും കരുണയും ഉള്ളവരായി അവർ മാറുന്നതോടെ സ്പിരിച്വൽ കോഷ്യന്റ് കൂടും.

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി അഹമ്മദാബാദ്**


# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.


**ജോളി ഈപ്പൻ**

# സ്വയം വലുതായി കാണാതിരിക്കാം

## ധ്യാനപീഠം

ഫാ.സി.ഡി.തോമസ് വടകോട്

**പെന്തിക്കോസ്തിക്കുശേഷം 9, ജൂലൈ 25, വി.ലൂക്കോ.14:7-11**

ക്ഷണിക്കപ്പെട്ട അഥിതികൾ പ്രധാന ഇരിപ്പിടങ്ങൾ തെരഞ്ഞെടുക്കുന്നത് കണ്ടിട്ട് യേശു ഒരു ഉപമയിലൂടെ സമൂഹത്തിൽ നാം പാലിക്കേണ്ട ആചാര മര്യാദകളിൽ പ്രധാനപ്പെട്ട ഒന്ന് വ്യക്തമാക്കുന്നതാണ് ഇന്നത്തെ വേദഭാഗത്ത്. താഴ്മയുടെ ശ്രേഷ്ഠതയും അഹങ്കാരത്തിന്റെ ആപത്തും പലപ്പോഴും യേശു പ്രഭാഷണ വിഷയമാക്കിയിട്ടുണ്ട്.

**കസേര പലപ്പോഴും വിഷയം**

മിക്കപ്പോഴും വിരുന്നു വേളകളിൽ നാം കാണുന്ന ഒരു രംഗമുണ്ട്. മണവാട്ടിയോടൊപ്പം വന്നവർ ആദ്യം ഹാളിനകത്തു പ്രവേശിക്കണം എന്ന അനൗൺസ്മെന്റ്. പക്ഷെ ഓഡിറ്റോറിയത്തിന്റെ വാതിൽ തുറക്കുമ്പോൾ തെന്മല ഡാം തുറക്കുമ്പോൾ വെള്ളം ഇരച്ചുവരുന്നതുപോലെ കസേരയ്ക്കായി പരതുന്ന ജനത്തിന് ഇതു കേൾക്കാൻ കാതില്ല. വധുവിനോടൊപ്പം വന്നവർക്ക് ആദ്യം ഇരിപ്പിടം നൽകണം. ആഥിത്യമര്യാദ കാട്ടാൻ അച്ചൻ സ്റ്റേജിൽ നിന്നുകൊണ്ട് പിന്നെയും പറഞ്ഞുകൊണ്ടിരിക്കും. അഥിതി ദേവോഭവ എന്നാണല്ലോ ഭാരതീയ സങ്കല്പം. ആളുകൾ ഇതൊന്നും കാര്യമാക്കാതെ മുന്നിൽനിൽക്കുന്നവരെയൊക്കെ തട്ടിമറിച്ചിട്ട് ഓടി സീറ്റ് കരസ്ഥമാക്കി അടച്ചുവെച്ചിരിക്കുന്ന ഇലയിൽ കമിഴ്ന്നുവീഴും. ഒരു കൂട്ടപ്പൊരിച്ചിൽ തന്നെ. നമ്മുടെ വിവാഹവിരുന്നുസൽക്കാരത്തിലെ അരോചകമായ ഒരു രംഗമല്ലേ മിക്കപ്പോഴും ഇത്. അച്ചന്മാർക്കും ഇന്ന് സീറ്റ് ഉറപ്പല്ല. റിസർവ്ഡ് എന്നെഴുതിയിരിക്കുന്ന ഇരിപ്പിടങ്ങളിൽ കാലേക്കൂട്ടി കയറിയിരുന്നവരെ എഴുന്നേൽപിച്ച് സീറ്റ് അന്വേഷിക്കുന്ന അച്ചന്മാരെ ഇരുത്താനാവാതെ വിഷമിച്ചു മാറിനിൽക്കുന്ന ഗൃഹനാഥന്മാരെ ചിലപ്പോഴെങ്കിലും കണ്ടിട്ടുണ്ട്.

പഞ്ചായത്തിൽ വിമാനത്താവളം ഉണ്ടാക്കും എന്ന് പറഞ്ഞ് തൊഴുകൈകളുമായി മന്ദം മന്ദം നടന്നുവന്ന സ്ഥാനാർത്ഥിയുടെ പെരുമാറ്റത്തിൽ വലിയ വിനയമാണ്. തെളിഞ്ഞ പാൽപ്പുഞ്ചിരിയുമായി വന്ന് ഷേക്ക് ഹാൻഡ് നൽകി അഭിവാദ്യം ചെയ്ത് അമ്മേ, അപ്പച്ചാ, സാറേ, മോനേ വിളികളുമായി വരുന്നവർക്ക് എന്തൊരു വിനയം. ജയിച്ചുവരട്ടെ എന്ന് ആരും ആശിച്ചുപോകും. തെരഞ്ഞെടുപ്പ് കഴിയുമ്പോൾ വിജയിച്ചുകഴിഞ്ഞാൽ പലപ്പോഴും ഈ വിനയമൊക്കെ പമ്പകടക്കും. നിയമസഭയിലോ പാർലമെന്റിലോ എത്തിയാൽപിന്നെ മന്ത്രിക്കസേരയിലെത്തണം. പാർട്ടികൾ പിളരുന്നതും ഒന്നിക്കുന്നതും എല്ലാം മന്ത്രിക്കസേരയ്ക്കുവേണ്ടി. മക്കളും കൊച്ചുമക്കളും തൊണ്ണൂറ്റഞ്ചുകാരനും എല്ലാം കസേര വേണം. കസേര കിട്ടിയാൽ കിട്ടാത്തവരെല്ലാംകൂടെ കസേരയുടെ കാലൊടിക്കാനുള്ള പരിശ്രമം തുടങ്ങും. ഝാർഖണ്ഡിൽ എല്ലാവർക്കും മുഖ്യമന്ത്രിയാവണം. മറ്റൊരു സംസ്ഥാനത്ത് 4 പേർക്ക് മുഖ്യമന്ത്രിയുടെ റാങ്ക് നൽകി തൃപ്തിപ്പെടുത്തിയിരിക്കുകയാണ്. പിന്തുണ കൊടുക്കുന്നതും പിന്തുണ പിൻവലിക്കുന്നതുമെല്ലാം കസേരയെച്ചൊല്ലിത്തന്നെ.

**താഴ്മതാനഭ്യുന്നതി**

വൈദികസെമിനാരി പഠനം കഴിഞ്ഞ് പട്ടമേറ്റ ഒരാൾ പള്ളിയാരാധനയ്ക്ക് ആദ്യപ്രസംഗം നടത്തി. തന്റെ കന്നിപ്രസംഗത്തെപ്പറ്റി തനിക്കു തോന്നിയതുപോലെയുള്ള മതിപ്പ് മറ്റുള്ളവർക്കും തോന്നിക്കാണുമെന്ന് അദ്ദേഹത്തിന് നിശ്ചയമായിരുന്നു. തിരികെ വീട്ടിലേക്ക് കാറിൽ പോകുമ്പോൾ അദ്ദേഹം കൊച്ചമ്മയോട് ചോദിച്ചു. ഇന്ന് ലോകത്തിൽ പ്രസിദ്ധരായ സുവിശേഷ പ്രസംഗകർ എത്രപേർ കാണുമെന്നാണ് നീ വിചാരിക്കുന്നത്. അവൾ സ്നേഹപൂർവ്വമായ ഒരു മന്ദഹാസത്തോടെ തന്റെ കൈകൾ തോളിലിട്ടുകൊണ്ട് പറഞ്ഞു നിങ്ങൾ ഉദ്ദേശിക്കുന്നതിൽ ഒരാൾ കുറവ്.

ദൈവം നമുക്ക് നൽകിയിരിക്കുന്ന കഴിവുകളെയും താലന്തുകളെയുംകുറിച്ചുള്ള ബോധ്യവും ആ താലന്തുകൾ മൂലം ഉണ്ടാകുന്ന ആത്മപ്രശംസയും തമ്മിൽ വേർതിരിക്കുന്ന അതിർവരമ്പ് വളരെ നേരിയതാണ്. അതിനപ്പുറം പോകാൻ എളുപ്പമാണ്. ഭാര്യയോ ഭർത്താവോ സുഹൃത്തോ ആരെങ്കിലും അക്കാര്യം നമ്മെ ചൂണ്ടിക്കാണിക്കുന്നതുവരെ നാം നമ്മുടെ അഹംഭാവം മനസ്സിലാക്കിയെന്നുവരികയില്ല. പത്രോസ് ശ്ലീഹാ പറയുന്നത് ശ്രദ്ധേയമാണ്. അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്ക് കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽതമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തുനിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ (1പത്രോ.5:5,6). ഇതുതന്നെ യാക്കോബ് ശ്ലീഹായും പറയുന്നു (യാക്കോ.4:6) പൗലോസ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നു ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠനെന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണംകൂടെ നോക്കേണം. ക്രിസ്തുയേശുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ (ഫിലി.2:3-5).

ക്രിസ്ത്യാനികൾ അഹംഭാവത്തെ ചെറുത്തുനിൽക്കേണ്ടവരത്രേ. കർത്താവ് അപ്പോസ്തോലന്മാരുടെ കാലുകൾ കഴുകി വിനയത്തിന്റെയും ശുശ്രൂഷയുടെയും അനുഭവം അവർക്ക് കാട്ടിക്കൊടുത്തു. സദൃശ്യവാക്യങ്ങളിൽ താഴ്മയുടെ പ്രതിഫലം പറയുന്നുണ്ട്. മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും. മനോവിനയമുള്ളവനോ മാനം പ്രാപിക്കും (സദൃ.29:23). നാം വിനയമുള്ളവരാണെന്ന് സ്വയം ചിന്തിക്കുകയാണെങ്കിൽ യഥാർത്ഥത്തിൽ അപ്രകാരമുള്ളവരല്ല എന്നു നിശ്ചയമാണ്. എന്നാൽ നാം നമ്മുടെ ഞാനെന്ന ഭാവം ഉപേക്ഷിച്ച് മനസ്സോടെയും ആത്മാർത്ഥതയോടെയും പരസ്പരം ആവശ്യമുള്ള ശുശ്രൂഷകൾ നിർവ്വഹിക്കുമ്പോൾ നാം താഴ്മയെ ധരിക്കുകയത്രേ ചെയ്യുന്നത്.

സ്വയം വലുതായി കാണാതിരിക്കാം

മിക്ക സന്ദർഭങ്ങളിലും നാം സ്വയം നോക്കുന്നത് മൈക്രോസ്കോപ്പിലൂടെയായിരിക്കും. നമ്മുടെ വളരെ വലിയ പ്രതിബിംബം കണ്ട് നമുക്ക് യഥാർത്ഥത്തിൽ അത്രയും വലുപ്പമുണ്ടെന്ന് നാം തെറ്റായി ധരിക്കുന്നു. വസ്തുനിഷ്ഠമായ രീതിയിലുള്ള സ്വയം വിലയിരുത്തൽ ഇടയ്ക്കിടയ്ക്ക് നടത്തുന്നത് നമ്മുക്ക് ഗുണകരമായിരിക്കും. സങ്കീർത്തനക്കാരന്റെ പ്രാർത്ഥന ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ എന്നാണ്.

മുൻവിധികളെ മാറ്റിവെച്ച് അല്പം മാറിനിന്ന് നിഷ്പക്ഷമായി നമ്മെത്തന്നെ നോക്കകാണാൻ കഴിഞ്ഞാൽ നമ്മുടെ യഥാർത്ഥ ചിത്രം വെളിപ്പെട്ടുകിട്ടും. പെരുമാറ്റത്തിലും സമീപനത്തിലും ആരോഗ്യകരമായ മാറ്റം അതുണ്ടാക്കും. താൻ കേമൻ, മറ്റുള്ളവർ മോശം എന്നു ചിന്തിക്കുന്നവരുണ്ട്. സ്വന്തം വലിപ്പത്തെപ്പറ്റി അമിതമായി ചിന്തിക്കുന്നവരുടെ പൊങ്ങച്ചം ചിലപ്പോൾ പൊങ്ങിവരും. അവർ സാധാരണ അവഗണിക്കുന്നവർ അവരെ പുകഴ്ത്തുമ്പോൾ പൊങ്ങച്ചക്കാർ അവരെപ്പറ്റി പറയാൻ തുടങ്ങും.

സ്വാമി ക്രിയാനന്ദയായി തീർന്ന റൊമാനിയൻ സംഗീതജ്ഞൻ റൊണാൾഡ് വാൾട്ടേഴ്സ് പറഞ്ഞു സ്വന്തം പ്രാധാന്യത്തെപ്പറ്റി കൊമ്പുവിളിക്കാനുള്ളതല്ല നേതാവാകാൻ കിട്ടുന്ന അവസരം. അത് സേവനത്തിനുള്ള സൗകര്യമാണ്. ഹംഗേറിയൻ സൈക്യാട്രിസ്റ്റായ തോമസ് സാസ് പറഞ്ഞതും ശ്രദ്ധേയമാണ്. താൻ വലിയവനെന്ന ബോധത്തിന് അൽപം പരുക്ക് പറ്റാൻ സമ്മതമുണ്ടെങ്കിലേ ഏതുകാര്യവും പഠിക്കാൻ കഴിയൂ. അഹംഭാവം ഏറെയില്ലാത്തതിനാലാണ് കുട്ടികൾക്ക് വേഗം പഠിക്കാൻ പറ്റുന്നത്.

സ്വയം താഴ്ത്തുന്നവനെ ദൈവം കൈപിടിച്ചുയർത്തും. സ്നേഹിതാ മുന്നോട്ട് വന്നിരിക്കുക എന്നു പറയുന്ന വിരുന്നുവാഴി വാസ്തവത്തിൽ ദൈവം തന്നെയാണ്. സ്വയം വിനയപ്പെടുന്നതിനും വിധേയപ്പെടുന്നതിനുമുള്ള കഴിവ് മഹാന്മാർക്കെല്ലാവർക്കുമുണ്ടായിരുന്നു. മഹാത്മാഗാന്ധിയുടെ ജീവിതം തന്നെ വലിയ ഉദാഹരണം. ഇന്നത്തെ നേതാക്കളോ? ഉത്തരപ്രദേശ് മുഖ്യമന്ത്രിയുടെ ഹോബി സ്വന്തം പ്രതിമ മുക്കിനു മുക്കിനു സ്ഥാപിക്കലാണ്.

ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയുമുള്ള നേതൃത്വം എല്ലാ രംഗത്തും ഉണ്ടാകുമ്പോഴേ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകു.

**നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുവിൻ**

**പെന്തിക്കോസ്തിക്കുശേഷം 10, വി.മത്താ.18:1-11, ആഗസ്റ്റ് 1**

സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആര് എന്ന് യേശുവിന്റെ അടുക്കൽ വന്ന് ചോദിച്ച തന്റെ ശിഷ്യന്മാരോട് കർത്താവ് ഒരു ശിശുവിനെ വിളിച്ച് നടുവിൽ നിർത്തിക്കൊണ്ട് ഉത്തരം പറയുന്നതാണ് ഇന്നത്തെ വേദഭാഗം. നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു (18:3). തുടർന്ന് കർത്താവ് പറയുന്നു ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു (വാക്യം 4).

**സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ**

ശിശുക്കളെപ്പോലെയാകാൻ കഴിഞ്ഞാൽ നമുക്ക് സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ കഴിയും. കുട്ടികളേപ്പോലെയാകുന്നതും കുട്ടിത്തമുള്ളവരാകുന്നതും ഒന്നല്ല. കുട്ടിത്തമുള്ളവരാകുവാനല്ല, കുട്ടികളേപ്പോലെ ആയിത്തീരാനാണ് നാം പരിശ്രമിക്കേണ്ടത്. കുട്ടിത്തത്തിന്റെ പ്രത്യേകതകളിൽ പ്രധാനം കരച്ചിൽ അത്രേ. കരഞ്ഞുകൊണ്ട് പിറന്നുവീഴുന്ന ശിശു ശൈശവത്തിന്റെ ഏറിയ കാലവും കരഞ്ഞുകൊണ്ടുതന്നെയിരിക്കും. ആനന്ദവും സന്തോഷവും ഒഴികെയുള്ള വികാരങ്ങൾ ശിശു കാണിക്കുന്നത് കരച്ചിൽ വഴിയാണ്. കുട്ടിത്തം മുന്നിട്ടുനിൽക്കുന്ന മനുഷ്യരിൽ ഒരു കരത്തിൽ എപ്പോഴും എല്ലാ കാര്യത്തിനും കാണാം. കരച്ചിലിന്റെ മറ്റൊരു രൂപമാണ് പരാതിപറച്ചിൽ. മാതാപിതാക്കളെക്കുറിച്ച് പരാതി, ആഹാരത്തെക്കുറിച്ച് പരാതി, മക്കളെക്കുറിച്ച് പരാതി, ബന്ധുക്കളെക്കുറിച്ച് പരാതി, കാലാവസ്ഥയെപ്പറ്റി പരാതി, വ്യവസ്ഥിതികളെപ്പറ്റി പരാതി, ജീവിതത്തിന്റെ നല്ല പങ്കും എന്തിനെപ്പറ്റിയെങ്കിലും പരാതി പറഞ്ഞുകൊണ്ടിരിക്കുന്നവർ നമുക്കു ചുറ്റുമുണ്ട്.

കുട്ടിത്തത്തിന്റെ പ്രത്യേകതകളിൽ മറ്റൊന്ന് പലതിനെപ്പറ്റിയും വിവേചനാശക്തി ഇല്ലാത്തതാണ്. നന്മ-തിന്മകൾ തിരിച്ചറിയാനുള്ള കഴിവ് പലപ്പോഴും കുട്ടിത്തത്തിനില്ല. കുട്ടി അഗ്നിയിൽ കൈയിടും. പാമ്പിനെയും പട്ടിയേയും പിടിക്കും. അപകടം അറിയുകയില്ല. ഇന്ന് ആധുനിക മനുഷ്യൻ നല്ലതും ചീത്തയും നന്മയും തിന്മയും തിരിച്ചറിയാതെ അപകടത്തിലേക്ക് പോകുന്നു.

എന്നാൽ കുട്ടികളെപ്പോലെ ആയിത്തീരുക എന്നു പറഞ്ഞാൽ ശിശുസഹജമായ നൈർമല്യത്തിനുടമകളാകുക എന്നതാണ്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും (മത്താ.5:8) കുട്ടികളെപ്പോലെയുള്ളവർ സ്വന്തമായി തീരുമാനങ്ങൾ പലപ്പോഴും എടുക്കാതെ മാതാപിതാക്കളുടെ ഇഷ്ടത്തിനും താൽപര്യത്തിനും വിധേയമായി നിൽക്കും എന്നത് മറ്റൊരു പ്രത്യേകതയാണ്. മറ്റൊന്ന് ആരെയും സ്വീകരിക്കാനും ഉൾക്കൊള്ളാനും ആരാലും സ്വീകരിക്കപ്പെടാനുമുള്ള ശിശുക്കളുടെ പ്രത്യേക കഴിവാണ്. തനിക്കും പൂവും കളിപ്പാട്ടവുമായി ഉമ്മവെയ്ക്കാൻ വരുന്നവരെയും തന്നെ കൊല്ലാൻ കത്തിയുമായി വരുന്നവരെയും ഒരേ പുഞ്ചിരിയോടെ സ്വീകരിക്കാൻ കഴിയുന്നവനാണ് കുട്ടി. ഏതു ശിശുവിനെ കണ്ടാലും അതിനെ കൈകളിലേന്തുവാനും ഓമനിക്കുവാനും ലാളിക്കുവാനും ആഗ്രഹിക്കാത്ത മനുഷ്യർ കുറവാണ്. കുട്ടികൾ എല്ലാം വേഗം മറക്കുന്നവരാണ്. താഴ്മ, പകയില്ലായ്മ, എല്ലാവരെയും ഉൾക്കൊള്ളുന്ന മനോഭാവം, ആശ്രയബോധം, സമർപ്പണം, നിഷ്കളങ്കത, ഗ്രഹിക്കുവാനുള്ള ആകാംഷ ഇതെല്ലാം ശൈശവ ഗുണങ്ങളാണ്. അതുപോലെ നാളെയുക്കുറിച്ച് ആകുലചിന്ത ഒട്ടുമില്ല. തന്നെ കരുതുന്നവരുടെ സാന്നിധ്യത്തിൽ വളരെ സന്തോഷിക്കുന്നു,

കുട്ടിത്തത്തിന്റെ മുഖമുദ്രകളായ പരാതിയും പരിഭവവും കരച്ചിലും വിവേചനമില്ലാത്ത പെരുമാറ്റവും മാറ്റിവെച്ച് കുട്ടികളേപ്പോലെ ആയിത്തീരാൻ നമുക്ക് കഴിയുമ്പോൾ സ്വർഗ്ഗരാജ്യത്തിൽ നാം വലിയവരാകും.

നമ്മുടെ തീരുമാനങ്ങളേക്കാളുപരി ദൈവത്തിന്റെ ഇഷ്ടം നമ്മിൽ നിറവേറാൻ നമുക്ക് നിന്നുകൊടുക്കാം. കൊല്ലാൻ വരുന്നവനോടും ലാളിക്കാൻ വരുന്നവനോടും പുഞ്ചിരിക്കുന്ന ശിശുവിനെപ്പോലെ നമ്മുടെ സഹജീവികളുടെ കുറവുകളെ പർവ്വതീകരിച്ച് കാട്ടി അവരെ തള്ളിക്കളയാതെ ആരോടും പകയില്ലാതെ എല്ലാവരെയും സ്നേഹിക്കുവാനും ഹൃദയപൂർവ്വം ഉൾക്കൊള്ളുവാനും നമുക്ക് സാധിക്കുമ്പോൾ നമ്മൾ ശിശുക്കളെപ്പോലെയായിത്തീരും. അപ്പോൾ സ്വർഗ്ഗം നമ്മെ സ്വന്തമാക്കും. മറിച്ച് എല്ലാ പൊങ്ങച്ചഭാവങ്ങളും അപരനെ ചെറുതാക്കുന്നതും മറ്റുള്ളവരിൽ വെറുപ്പുളവാക്കുന്നതുമാണ്. നാം തന്നെയാണ് നമുക്ക് ചുറ്റും നരകലും സ്വർഗ്ഗവും സൃഷ്ടിക്കുന്നത്. അതാണ് ഉള്ളൂർ പാടിയത്

നമുക്ക് നാമേ പണിവതു നാകം

നരകവുമതുപോലെ എന്ന്

**നാം സ്വർഗ്ഗരാജ്യത്തിന് അവകാശികളോ?**

ഒരു ശിശുവിനെപ്പോലെ സ്വയം താഴ്ത്തുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക എന്ന് കർത്താവ് അസന്നിഗ്ദ്ധമായി പറഞ്ഞു (18:4). സ്വർഗ്ഗരാജ്യത്തിന്റെ മൂല്യങ്ങൾ ലോകത്തിന്റെ രീതികൾക്ക് ചേരുന്നതല്ല. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നതായിരുന്നു കർത്താവിന് മുന്നോടിയായി വന്ന സ്നാപകയോഹന്നാന്റെ സന്ദേശം.

യേശുവിന്റെ ഭാവം താഴ്മയുടെ ഭാവമായിരുന്നു. തന്റെ അടുക്കൽ അതുകൊണ്ടുതന്നെ എല്ലാത്തരം ആളുകളും തടിച്ചുകൂടിയിരുന്നു. പണ്ഡിതനും പാമരനും ധനികനും ദരിദ്രനും പാപിയും രോഗിയും എല്ലാം. കർത്താവ് വിശുദ്ധനായിരുന്നെങ്കിലും വിശുദ്ധിയില്ലാത്തവർക്കും തന്റെ അടുക്കൽ ഹൃദയസ്വാതന്ത്ര്യം ലഭിച്ചിരുന്നു. കർത്താവ് മഹാജ്ഞാനി ആയിരുന്നിട്ടും അജ്ഞാനികൾക്കും അവിടുത്തെ സാന്നിധ്യം ഇമ്പകരമായിരുന്നു. അറിയപ്പെട്ടിരുന്നതുതന്നെ ചുങ്കക്കാരുടെയും പാപിക

(ശേഷം പേജ് 7-ൽ)

# ഫാ.ടി.പി.കൊച്ചുകോശി നിര്യാതനായി

തുമ്പമൺ : പകലോമറ്റം വടക്കടത്ത് കുടുംബയോഗം രക്ഷാധികാരിയായ തുമ്പമൺ തെക്കേവീട്ടിൽ കല്ലുവിളയിൽ ഫാ.ടി.പി.കൊച്ചുകോശി (90) നിര്യാതനായി. സംസ്ക്കാരം ജൂലൈ 14ന് തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.ഏബ്രഹാം മാർ സെറാഫീം എന്നീ മെത്രാപ്പോലീത്താമാരുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തി. പന്തളം എൻ.എസ്.എസ്. ഹൈസ്ക്കൂൾ അദ്ധ്യാപകൻ, പത്തനാപുരം സെന്റ് മേരീസ് ഹൈസ്ക്കൂൾ അദ്ധ്യാപകൻ, പെരുമ്പാവൂർ വേങ്ങൂർ (കുറുപ്പംപടി) ഇംഗ്ലീഷ് സ്ക്കൂളിന്റെ പ്രഥമ ഹെഡ്മാസ്റ്റർ, കൈപ്പട്ടൂർ സെന്റ് ജോർജ് മൗണ്ട് ഹൈസ്ക്കൂൾ അദ്ധ്യാപകൻ, സെന്റ് ജോർജ് ട്രെയിനിംഗ് സ്ക്കൂൾ ഹെഡ്മാസ്റ്റർ, കുരമ്പാല സെന്റ് തോമസ്, അറത്തിൽ സെന്റ് ജോർജ്, പേരിശേരി ഈസ്റ്റ് മാർ ഗ്രിഗോറിയോസ്, നൂറനാട് സെന്റ് തോമസ്, പാണ്ടനാട് സെന്റ് മേരീസ്, കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ്, കാരയ്ക്കാട് സെന്റ് മേരീസ്, മുളക്കുഴ സെന്റ് മേരീസ്, നരിയാപുരം ഇമ്മാനുവൽ, തട്ടയിൽ സെന്റ് ജോർജ് സിംഹാസനപള്ളി, ഉളനാട് സെന്റ് ജോൺസ്, പറന്തൽ സെന്റ് ജോർജ് അരമനപള്ളി തുടങ്ങിയ ഓർത്തഡോക്സ് ഇടവകകളിൽ വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

## പൗരസ്ത്യ കാതോലിക്കാസ്ഥാനം .... പേജ് 4-ൽനിന്ന്

ക്രിസ്തുമതത്തിന് നിയമപരമായ അംഗീകാരവും അവകാശങ്ങളും ലഭ്യമായി. ഈ അവസ്ഥയിൽ സഭയുമായി ഗവൺമെന്റിന് ഇടപെടുവാനും സഭയ്ക്കും ഗവൺമെന്റിനും പരസ്പരം ബന്ധപ്പെടുവാനും ഒരു പ്രധാന നേതാവ് ഉണ്ടാകേണ്ടതാവശ്യമായി വന്നു. ഈ സ്ഥാനം അവകാശപ്പെട്ട് പാപ്പാ മുമ്പോട്ടുവന്നു. സാമ്രാജ്യത്തിന്റെ തലസ്ഥാനത്തെ മെത്രാപ്പോലീത്താ എന്ന നിലയിൽ തനിക്കുള്ള രാഷ്ട്രീയ സ്വാധീനം വേണ്ടവണ്ണം ഉപയോഗിച്ച് ഈ സ്ഥാനം കരസ്ഥമാക്കാനും പാപ്പാ ശ്രമിച്ചു.

### പാശ്ചാത്യ ബിഷപ്പുമാരുടെ കത്ത്

പാപ്പാ സഭാനേതൃത്വം കയ്യടക്കാൻ നടത്തിയ ശ്രമത്തിന് പേർഷ്യൻ സഭയിൽനിന്ന് എതിർപ്പുണ്ടായി. പേർഷ്യയിലെ സീനിയറായവരും അല്ലാത്തവരുമായ ചില ബിഷപ്പന്മാരും, പാപ്പായുടെ അർക്കദിയാക്കോൻ സൈമൺ ബാർസാബായും ഒരു സംഘം വൈദികരും പാപ്പായെ എതിർത്തു. അവർ 315-ൽ ഒരു സുന്നഹദോസു കൂടി പാപ്പായെ പുറത്താക്കുകയും പകരം സൈമണെ ബിഷപ്പായി വാഴിച്ച് നിയമിക്കുകയും ചെയ്തു (ബോക്സ് കാണുക) പാപ്പാ അടങ്ങിയിരുന്നില്ല. അദ്ദേഹം പാശ്ചാത്യസഭയിലെ ഉന്നതരായ പല നേതാക്കന്മാരുമായി ബന്ധപ്പെട്ടു. പാശ്ചാത്യം എന്നു പറഞ്ഞാൽ ഭൂരിപക്ഷവും പാശ്ചാത്യ സുറിയാനി സഭയിലെ പിതാക്കന്മാർ എന്നാണ് പേർഷ്യക്കാർ വിവക്ഷിച്ചത്. അവരിൽ പലരും പാപ്പായെ പിന്താങ്ങിയും സൈമണെ ശാസിച്ചും പല കത്തുകളും എഴുതി. ഈ കത്തുകൾ ജി.ചേടിയത്ത് ബാർ എബ്രായയിലും, പൗരസ്ത്യ കാതോലിക്കോസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പാശ്ചാത്യ പിതാക്കന്മാരുടെ പിന്തുണ ആർജ്ജിച്ച പാപ്പാ സൈമണുമായി ചർച്ച നടത്തി ഒത്തുതീർപ്പിലെത്തി. സൈമണെ തന്റെ പിൻഗാമി ആക്കാം എന്നതായിരുന്നു പാപ്പാ മുമ്പോട്ടുവെച്ച പ്രധാന നിർദ്ദേശം. അത് സൈമൺ സ്വീകരിച്ച് പ്രശ്നം ഒത്തുതീർപ്പിലായി. പാപ്പാ വീണ്ടും പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തുവന്നു. 328-ൽ നിര്യാതനാകുന്നതുവരെ പാപ്പാ പേർഷ്യൻ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി തുടർന്നു (പാശ്ചാത്യപിതാക്കന്മാരുടെ കത്തുകൾ : ചേടിയത്ത് 234. ബോക്സ് കാണുക).

പാപ്പാ നിര്യാതനായപ്പോൾ സൈമൺ (ശെമഓൻ ബർസാബെ) അദ്ദേഹത്തിന്റെ പിൻഗാമിയായി. അദ്ദേഹത്തിന്റെ ഭരണമേറ്റപ്പോൾ സാപ്പോർ രണ്ടാമനായിരുന്നു പേർഷ്യയിലെ രാജാവ്. 339 മുതൽ സാപ്പോർ രണ്ടാമൻ ക്രിസ്ത്യാനികളെ പീഢിപ്പിക്കാൻ തുടങ്ങി. ക്രൂരമായ ആ പീഢയിൽ സൈമൺ കാതോലിക്കാ കൊല്ലപ്പെട്ടു (ബോക്സ്)

## കാഞ്ഞിരമറ്റം സ്ക്കൂൾ : പുതിയ മാനേജരുടെ നിയമനം അംഗീകരിച്ചില്ല

കാഞ്ഞിരമറ്റം : സെന്റ് ഇഗ്നേഷ്യസ് സ്ക്കൂളിന്റെ പുതിയ മാനേജരായി തെരഞ്ഞെടുക്കപ്പെട്ട അഡ്വ.ജോർജ് വർഗീസിന്റെ നിയമനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തടഞ്ഞു. ഓർത്തഡോക്സ് വിഭാഗത്തിലെ പുളിമൂട്ടിൽ മാത്യൂസ് കോർഎപ്പിസ്കോപ്പാ നൽകിയ ഹർജിയെ തുടർന്ന് പള്ളിപൊതുയോഗം കൂടുന്നതു ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നു. സ്റ്റേ അവഗണിച്ച് ഒരുവിഭാഗം പൊതുയോഗം ചേർന്നു പുതിയ മാനേജരെ തെരഞ്ഞെടുക്കുകയായിരുന്നുവെന്ന് ഓർത്തഡോക്സ് വിഭാഗം അറിയിച്ചു.

കേരള വിദ്യാഭ്യാസ ചട്ടം രണ്ട് പ്രകാരം സ്ക്കൂളിന്റെ ഉടമസ്ഥാവകാശം കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് സുറിയാനിപള്ളിക്കാണെന്നും പള്ളി പൊതുയോഗം വിളിക്കുന്നതിനു സ്റ്റേ ഉള്ളതിനാലാണ് ഡി.ഇ.ഒ. പുതിയ നിയമനം അംഗീകരിക്കാതിരുന്നതെന്നും ഓർത്തഡോക്സ് വിഭാഗം വികാരി പുളിമൂട്ടിൽ മാത്യൂസ് കോർഎപ്പിസ്കോപ്പാ അറിയിച്ചു.


## അഡ്മിഷൻ 2009-2010

**ബാംഗ്ലൂരും പരിസരത്തുമുള്ള പ്രശസ്തവും നല്ല വിജയശതമാനവുമുള്ള കോളജുകളിൽ വിവിധ കോഴ്സുകളിലേക്ക് കോളജുകളിൽ നേരിട്ട് ബന്ധപ്പെടുത്തി അഡ്മിഷൻ വാങ്ങികൊടുക്കുന്നതാണ്.**

**No Donation and Less fees**

**Course**

**B.Sc.Nursing, GNM, M.Sc.Nursing with KNC & INC (with hospital), Engineering (all branches) MBBS, BDS, B.Pham, D.Pham, BPT, Bio-Technology, BCA, BBM, BHM, MCA, MBA, B.Ed, Multmedia, Physical Education (Degree & Dploma) courses and any other courses.**

**For Admission Contact :**

**K.C.Raju, 63,4th Cross, Vinayaka Layout II Stage, Kempapura, Hebbal, Banglore -24 Phone : 080-23434282, 09448507035, 09448515118**


# ഫാ.ജോസ് പെരുമാൾ നിര്യാതനായി

പരുമല : പാവുക്കര സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ മണലിൽ ഫാ. ജോസ് പെരുമാൾ (60) നിര്യാതനായി. സംസ്ക്കാരം ജൂലൈ 10ന് യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ പാവുക്കര സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

# ദേവാലയ കൂദാശ

കോട്ടയം : പുനർനിർമ്മിച്ച അമയന്നൂർ കഴുന്നുവലം മെത്രാഞ്ചേരി സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ജൂലൈ 9,10 തീയതികളിൽ പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും ഗീവർഗീസ് മാർ ഈവാനിയോസ്, മാത്യൂസ് മാർ തേവോദോസിയോസ്, സഖറിയാ മാർ അപ്രേം, ഏബ്രഹാം മാർ സെറാഫീം എന്നീ മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും നടന്നു.

കൂദാശയ്ക്ക് വികാരി ഫാ.പൗലോസ് നൈനാൻ ട്രസ്റ്റി ഈപ്പൻ കുര്യൻ കൊച്ചുതോട്ടുങ്കൽ, സെക്രട്ടറി എൻ.ഐ.ഫിലിപ്പ് നെല്ലമ്പുഴ, സി.എ.മത്തായി ചിലമ്പശേരിൽ, പി.കെ.അന്ത്രയോസ് തുടങ്ങിയവർ നേതൃത്വം നൽകി.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സൂസൻ വർഗീസ്**

## സ്വയം വലുതായി കാണാതിരിക്കാം... പേജ് 6-ൽനിന്ന്

ളുടെയും സ്നേഹിതൻ എന്നാണ്. നമ്മുടെ പാണ്ഡിത്യം, ഉദ്യോഗം, പദവികൾ, കുടുംബമഹിമ, വാക്ചാതുര്യം ഇതൊന്നും മറ്റൊരാളെ ചെറുതാക്കാൻ വേണ്ടി ഉപയോഗിക്കരുത്. നെൽക്കതിരുപോലെയാകണം മനുഷ്യനെന്നു കാരണവന്മാർ പറയാറുണ്ട്. അതായത് നെല്ലിന് കനം കൂടുന്തോറം കതിരു കുനിയും. പക്ഷെ നമ്മളിന്നു കൃത്രിമ വളമിട്ട കതിരുകളാണ്. അത് കുനിയണമെന്നില്ല. വേണമെങ്കിൽ കനിയാമെന്നു മാത്രം.

മറ്റുള്ളവരുടെ മേൽ മേധാവിത്വം പുലർത്താനുള്ള ഈ ലോകത്തിന്റെ യജമാനന്മാർ നമ്മുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്നതുകൊണ്ടാണ് പലപ്പോഴും നമ്മൾ മറ്റുള്ളവരെ ചെറുതാക്കാനും അവരുടെ മുകളിൽ നമ്മെ പ്രതിഷ്ഠിക്കുവാനും വെമ്പൽകൊള്ളുന്നത്. മറ്റുള്ളവരുമായി അധികം ഇടപെടാതെ അല്പം അകലം പാലിച്ച് അവരെ എളുപ്പത്തിൽ നയിക്കാമെന്ന് കരുതുന്നവരുണ്ട്. ഭയത്തിൽനിന്ന് ഉളവാകുന്ന ആദരവും സ്നേഹത്തിൽനിന്ന് ഉരുവാകുന്ന ആദരവും തമ്മിൽ വ്യത്യാസമുണ്ട്. അകലവും ദൂരവും ഉയരവും പാലിക്കുന്നവർക്ക് മറ്റുള്ളവരുടെ ഹൃദയങ്ങളിൽ സ്ഥാനമില്ലാതാകും. നമ്മുടെ ഉള്ളിലെ ഭയം, അപൂർണ്ണതകൾ, കാപട്യം ഇതൊക്കെ കാരണമാണ് നാം പലപ്പോഴും പഠിപ്പിലും പദവിയിലും പ്രവർത്തിയിലുമൊക്കെ പത്രാസും ഔന്നത്യവുമൊക്കെ ബോധപൂർവ്വം പ്രകടമാക്കാൻ ശ്രമിക്കുന്നത്. ഞാൻ അപ്പനാണ്, അധികാരിയാണ്, ലീഡറാണ് എന്നൊക്കെയുള്ള ഞാനെന്നഭാവമാണ് മറ്റുള്ളവരെ ചെറുതാക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. നമ്മെ ചെറുതാക്കുന്നവരെ വലിയവരായി കാണാനും നമുക്ക് പ്രയാസമാണ്. വ്യക്തിബന്ധങ്ങൾക്കിടയിലെ പല പ്രശ്നങ്ങൾക്കും കാരണവുമിതാണ്. ഏറ്റവും എളിയവനായി ജനിച്ച് എളിയവരെ ശിഷ്യന്മാരാക്കിയ കർത്താവ് പറഞ്ഞു. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്തായി 11:29) സങ്കീർത്തനക്കാരനായ ദാവീദ് പറയുന്നതും ശ്രദ്ധേയം. എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ. അർനത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും (സങ്കീ.41:1) എളിയവനെ ആദരിക്കുന്ന മനോഭാവം ഇന്ന് സമൂഹത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കാക്കവായിലും പൊന്നിരിക്കും എന്ന നാടൻ ചൊല്ല് ചെറിയവന്റെ അഭിപ്രായത്തിലും കാമ്പുണ്ടാക്കും എന്ന പരമാർത്ഥം നമ്മെ പഠിപ്പിക്കുന്നു. ആരുടേയും അഭിപ്രായത്തെ പുഛിക്കുകയോ അവഗണിക്കുകയോ ചെയ്യാതിരിക്കുക. അതിൽനിന്ന് കൊള്ളേണ്ടത് കൊള്ളുക. തള്ളേണ്ടത് തള്ളുക.


## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.


**ജോളി ഈപ്പൻ**

Vol. 16 Issue 18
July 16-31

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2009-2011

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 58/2009-11

ചിരിവര ——— ജോയി കുളനട



## വിശ്വാസികൾക്ക് ആത്മീയ അടിത്തറ ഉണ്ടാകണം : പൗലോസ് മാർ പക്കോമിയോസ്

മാവേലിക്കര : വിശ്വാസികൾക്ക് ആത്മീയ അടിത്തറ ഉണ്ടാകണമെന്നും സുവിശേഷ സംഘംപോലെയുള്ള ആത്മീയ സംഘടനകളുടെ പ്രവർത്തനംമൂലം അത് സാധ്യമാകണമെന്നും മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ പ്രസ്താവിച്ചു. ജൂലൈ മൂന്നിന് മാവേലിക്കര മറ്റം ചാപ്പലിൽ മാവേലിക്കര ഭദ്രാസന സുവിശേഷ സംഘം വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്താ. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ഏറ്റം ഭക്തിയായും ഉചിതമായും ആഘോഷിക്കുവാൻ കടപ്പെട്ട ഏക ക്രൈസ്തവ സമൂഹമാണ് കേരളത്തിലെ ക്രിസ്ത്യാനികളെന്ന് സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തിയ ഫാ.ഡോ.എം.ഒ.ജോൺ അഭിപ്രായപ്പെട്ടു. മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പ് എഡേസ്സായിലേക്ക് കൊണ്ടുപോയി അവിടെ പ്രതിഷ്ഠിച്ചതിന്റെ ഓർമ്മയാണ് ജൂലൈ 3 എന്നും പുരാതന രേഖകൾ അനുസരിച്ച് മാർത്തോമ്മാ ശ്ലീഹാ ഡിസംബർ 18ന് കുന്തമേൽക്കുകയും 21ന് രക്തസാക്ഷിയായി മരിക്കുകയും ചെയ്തു എന്ന് ഫാ. ഡോ.എം.ഒ.ജോൺ ചൂണ്ടിക്കാട്ടി. ഗ്രീക്കുസഭ ഒക്ടോബർ ആറും ലത്തീൻ പാരമ്പര്യത്തിൽപ്പെട്ട സഭകൾ ഡിസംബർ 28, ഡിസംബർ 21, ഓഗസ്റ്റ് 24, സെപ്റ്റംബർ 17 തുടങ്ങിയ തീയതികൾ പെരുന്നാളുകളായി ആഘോഷിക്കുന്നുണ്ട്. പുരാതന രേഖകൾ എല്ലാം മാർത്തോമ്മാ ശ്ലീഹായെ പൗരസ്ത്യ ദേശത്തിന്റെ മുഴുവൻ അപ്പോസ്തോലനായും കണക്കാക്കുന്നതായും ഫാ.ജോൺ പറഞ്ഞു. ഫാ.മത്തായി വിളനിലം, ഫാ. നൈനാൻ ഉമ്മൻ, ഫാ.റ്റി.റ്റി.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## ഫാ.പി.വി.വർഗീസ് (ക്ലേറി അച്ചൻ) നിര്യാതനായി

കോട്ടയം : മലങ്കരസഭയിലെ സീനിയർ വൈദികൻ ഫാ.പി.വി.വർഗീസ് നിര്യാതനായി. ശവസംസ്ക്കാരം അദ്ദേഹം സ്ഥാപിച്ച പീസ് ഹിൽ ചാപ്പലിൽ അഭിവന്ദ്യ നിയുക്ത കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു.

ദീർഘകാലം ഓർത്തഡോക്സ് വിദ്യാർത്ഥിപ്രസ്ഥാനം സെക്രട്ടറി, കാതോലിക്കേറ്റ് എം.ഡി.സ്ക്കൂൾ കോർപറേറ്റ് മാനേജുമെന്റ് കറസ്പോണ്ടന്റ്, വൈദികസെമിനാരി അദ്ധ്യാപകൻ, ദേവലോകം അരമന കൺസ്ട്രക്ഷൻ കൺവീനർ, സഭാപ്രാർത്ഥനായോഗം ജനറൽ സെക്രട്ടറി, കൊല്ലം ഭദ്രാസന ഡെപ്യൂട്ടി സെക്രട്ടറി, കോട്ടയം സെൻട്രൽ ഭദ്രാസന കൗൺസിൽ അംഗം, ബസ്സേലിയോസ് കോളജ് പ്ലാനിംഗ് കമ്മിറ്റി കൺവീനർ തുടങ്ങിയ വിവിധ ചുമതലകൾ വഹിച്ചിട്ടുണ്ട്.

മലങ്കരദീപം എന്ന പേരിൽ മലങ്കരസഭാദീപം ആദ്യം ആരംഭിച്ച് പ്രസിദ്ധീകരിച്ചത് ഫാ.പി.വി.വർഗീസിന്റെ നേതൃത്വത്തിലായിരുന്നു. മലങ്കരദീപത്തിന്റെ മാനേജിംഗ് എഡിറ്റർ, പ്രിന്റർ, പബ്ലിഷർ, ചീഫ് എഡിറ്റർ എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

## ഭവനസഹായ പദ്ധതി

ഭവനരഹിതരായ സഭാംഗങ്ങൾക്കും, ഇതരവിഭാഗക്കാർക്കും കൈത്താങ്ങൽ നൽകുവാനായി ആരംഭിച്ചിട്ടുള്ള ഭവന സഹായ പദ്ധതിയിലൂടെ 3015 ഭവനങ്ങൾ ഇതുവരെ നിർമ്മിച്ചു നൽകിയിരിക്കുന്നു. നടപ്പുവർഷത്തെ ഭവന സഹായ പദ്ധതിക്കുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫോറത്തിൽ ഭദ്രാസനമെത്രാപ്പോലീത്തായുടെ ശുപാർശയോടുകൂടി 2010 ഡിസംബർ 31ന് മുമ്പായി കൺവീനർ, ഭവനസഹായ പദ്ധതി ദേവലോകം പി.ഒ., കോട്ടയം 38 എന്ന വിലാസത്തിൽ അയക്കണമെന്ന് കൺവീനർ ഡോ.റ്റി.എ.ജോർജ് അറിയിക്കുന്നു.

## പൂട്ടിക്കിടക്കുന്ന പള്ളികൾ ഉടൻ തുറക്കണം : ശ്രേഷ്ഠ കാതോലിക്കാ

കോലഞ്ചേരി : പൂട്ടിക്കിടക്കുന്ന പള്ളികൾ എത്രയും വേഗം വിശ്വാസികൾക്ക് ആരാധനയ്ക്കായി തുറന്നു നൽകണമെന്ന് ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവാ ആവശ്യപ്പെട്ടു. കോലഞ്ചേരി പള്ളി ഉൾപ്പെടെയുള്ള ദേവാലയങ്ങൾ ഏറെ വർഷങ്ങളായി പൂട്ടിക്കിടക്കുകയാണ് എന്ന് ശ്രേഷ്ഠബാവാ ചൂണ്ടിക്കാട്ടി. കോലഞ്ചേരി യാക്കോബായ ചാപ്പലിൽ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിനത്തോടനുബന്ധിച്ച് നടന്ന പെരുന്നാളാഘോഷങ്ങളിൽ പ്രധാന കാർമ്മികത്വം വഹിച്ച് പ്രസംഗിക്കുകയായിരുന്നു ശ്രേഷ്ഠ ബാവാ. പള്ളി തുറക്കണമെന്നാവശ്യപ്പെട്ട് ശ്രേഷ്ഠ ബാവാ തെളിയിച്ച മെഴുകുതിരികൾ വലിയപള്ളിക്കു ചുറ്റും വിശ്വാസികൾ കത്തിച്ചു.

## ഏനാത്ത് വലിയപള്ളി പെരുന്നാൾ

കൊട്ടാരക്കര : ഏനാത്ത് സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് വലിയപള്ളി പെരുന്നാൾ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. ചെണ്ടമേളം, ബാന്റുമേളം, മുത്തുക്കുടകൾ, അലങ്കരിച്ച വാഹനങ്ങൾ എന്നിവയുടെ അകമ്പടിയോടുകൂടി നടത്തിയ ഭക്തിനിർഭരമായ റാസയ്ക്ക് വികാരി ഫാ.സി.ഡി.തോമസ് വടകോട് നേതൃത്വം നൽകി. വിവിധ ദിവസങ്ങളിൽ നടന്ന വചനശുശ്രൂഷയ്ക്ക് ഫാ.വൈ. തോമസ്, ഫാ.ആൻഡ്രൂസ് വർഗീസ് തോമസ് തുടങ്ങിയവർ നേതൃത്വം നൽകി. ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റ് എന്ന വിഷയത്തെക്കുറിച്ച് നടന്ന സഭാചരിത്ര സെമിനാറിൽ ഫാ.ഡോ.എം.ഒ. ജോൺ മുഖ്യ പ്രഭാഷണം നടത്തി.

## കുണ്ടറ സെമിനാരിയിൽ കുറിയാക്കോസ് സഹദായുടെ ഓർമ്മ

കുണ്ടറ : സെന്റ് കുറിയാക്കോസ് സെമിനാരി ചാപ്പലിൽ മാർ കുറിയാക്കോസ് സഹദായുടെ ഓർമ്മ ആഘോഷിച്ചു. വെരി.റവ. അലക്സാണ്ടർ വൈദ്യൻ കോർഎപ്പിസ്കോപ്പാ, ഫാ.കെ.കെ.തോമസ്, ഫാ.ജോസ് എം. ഡാനിയേൽ, ഫാ.എസ്.ഐസക്ക്, ഫാ.തോമസ് പണിക്കർ, ഫാ.ഡോ.എം.ഒ.ജോൺ തുടങ്ങിയവർ നേതൃത്വം നൽകി.

കുണ്ടറ സെമിനാരി ചാപ്പലിൽ മാർ കുറിയാക്കോസ് സഹദായുടെയും മാതാ യുലീത്തിയുടെയും വി.ഗീവർഗീസ് സഹദായുടെയും മാർ കൗമാ സഹദായുടെയും തിരുശേഷിപ്പുകൾ പ്രതിഷ്ഠിച്ചിട്ടുണ്ട്.

മലബാർ ഭദ്രാസനത്തിലെ വൈദികനായ ഫാ. ജോൺ സഖറിയാക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽനിന്ന് സോഷ്യോളജിയിൽ ഡോക്ടറേറ്റ് നേടി. പ്രൊഫ.ഡോ.ജോണി സി.ജോസഫായിരുന്നു ഗവേഷണത്തിന്റെ മേൽനോട്ടം വഹിച്ചിരുന്ന അദ്ധ്യാപകൻ. സാമൂഹ്യക്രമങ്ങളിൽ മതത്തിന്റെ അനുകൂല പ്രതികൂല സ്വാധീനം എന്നതായിരുന്നു ഗവേഷണ വിഷയം.

## മതത്തിന്റെ പേരിലുള്ള തീവ്രവാദം രാജ്യങ്ങളുടെ നിലനിൽപ്പിന് ആപത്ത് : ശ്രേഷ്ഠ നിയുക്ത കാതോലിക്കാ

ആലുവ : മതത്തിന്റെയും വിശ്വാസത്തിന്റെയും പേരിലുള്ള തീവ്രവാദവും കൊലപാതകവും മാനവരാശിയുടെയും രാജ്യത്തിന്റെയും നിലനിൽപ്പിന് ആപത്താണെന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ പൗലോസ് മാർ മിലിത്തിയോസ് പ്രസ്താവിച്ചു. ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ നടന്ന വൈദികരുടെയും പള്ളിപ്രതിനിധികളുടെയും സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതതീവ്രവാദം എപ്പോഴും എതിർക്കപ്പെടേണ്ടതാണെന്നും മലങ്കര വർഗീസിന്റെ വധവും തൊടുപുഴ കോളജിലെ അദ്ധ്യാപകന്റെ കൈവെട്ടിയ സംഭവവും ഇതാണ് തെളിയിക്കുന്നതെന്നും നിയുക്ത കാതോലിക്കാ പറഞ്ഞു.

## മതസൗഹൃദം ദൃഢമാക്കാൻ മുന്നിട്ടിറങ്ങും : യാക്കോബാ സഭ

ആലുവ : സംസ്ഥാനത്തെ മതസൗദൃദ അന്തരീക്ഷം നിലനിർത്താൻ യാക്കോബായ സഭ പ്രതിജ്ഞാബദ്ധമാണെന്നും ഇതിനായി സഭ മുന്നിട്ടിറങ്ങുമെന്നും ശ്രേഷ്ഠ കാതോലിക്കാ തോമസ് പ്രഥമൻ പ്രഖ്യാപിച്ചു. ആലുവായിൽ നടന്ന പള്ളി പ്രതിപുരുഷയോഗം അങ്കമാലി മേഖലാ കൗൺസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മതസൗഹൃതാന്തരീക്ഷത്തിനായി കർമ്മപരിപാടികൾ സഭയുടെ ഭാഗത്തുനിന്നുണ്ടാകും. പ.പൗലോസ് മാർ അത്താനാസിയോസ് വലിയ മെത്രാപ്പോലീത്തായുടെ മെത്രാഭിഷേക മഹാശതാബ്ദി ആഘോഷങ്ങൾ ആലുവായിൽ വിപുലമായ തോതിൽ ആഘോഷിക്കുവാൻ യോഗം തീരുമാനിച്ചു.

## മതവും സമാധാനവും – സെമിനാർ

കോട്ടയം : ഡൽഹി ആസ്ഥാനമായുള്ള സമാധാന സംഘടന, സെറാമ്പൂർ സർവ്വകലാശാല, ഓർത്തഡോക്സ് വൈദിക സെമിനാരി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പഴയ സെമിനാരിയിൽ മതവും സമാധാനവും എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടന്നു.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001
and Published at Kottayam. Editor: Kunjumon T. Omallor